പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 61 | 25-06-2008 ൽ മറുപടിയ്ക്ക്

## വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കാൻ നടപടി

ചോദ്യം:
ശ്രീ.കെ.പി.മോഹനൻ :
ശ്രീ.എം.കെ.പ്രേംനാഥ് :
ശ്രീ.ജോസ് തെറ്റയിൽ :
ശ്രീ.എം.വി.ശ്രേയാംസ്കുമാർ :

ഉത്തരം
ശ്രീ. മാത്യു.ടി.തോമസ്
ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി

(എ). വാഹനങ്ങളുടെ അമിത വേഗത കാരണം വർദ്ധിച്ച് വരുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ). ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി). അമിത വേഗത നിയന്ത്രിക്കാനുള്ള സ്പീഡ് റഡാറുകളും ഇന്റർസെപ്റ്ററുകളും സ്പീഡ് ചെക്ക് പോസ്റ്റുകളും കാര്യക്ഷമമായി പ്രവർത്തിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി). ചിലയിടങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(സി). എങ്കിൽ ഇവ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(സി). അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുവാൻ നടപടിയെടുത്തുവരുന്നു. അവയിൽ പകുതിയോളം പ്രവർത്തനക്ഷമമാക്കികഴിഞ്ഞു.

(ഡി). അമിതവേഗത തടയാൻ എന്തൊക്കെ നടപടികളാണ് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കുമോ ?

(ഡി). അമിത വേഗത തടയാൻ നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തി കർശനമായ വാഹന പരിശോധന നടത്തുന്നുണ്ട്. ജംഗ്ഷനുകളിലും മറ്റും സ്റ്റോപ്പ് ആൻഡ് പ്രൊസീഡ് ബോർഡുകളും, ട്രാഫിക് കോളർ കോണുകളും, ഡിവൈഡറുകളും സ്പീഡ് ബാരിയറുകളും സ്ഥാപിച്ച് അമിത വേഗത നിയന്ത്രിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. കൂടാതെ ട്രാഫിക് എൻഫോഴ്സ്മെന്റ് രൂപീകരിച്ച് അമിത വേഗത തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഹെവി ഡ്യൂട്ടി വാഹനങ്ങളിൽ സ്പീഡ് ഗവർണർ സ്ഥാപിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നു. അമിത വേഗതയിൽ വാഹനമോടിച്ച് അപകടങ്ങളുണ്ടാക്കുന്ന ഡ്രൈവർമാർക്കെതിരെയുള്ള നടപടികൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ കുറ്റക്കാരെന്ന് കണ്ടു പിടിക്കപ്പെടുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദു ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടുതൽ കുറ്റമറ്റതായ ചെക്കിംഗിനു സഹായകമാകുന്ന റഡാർ സർവൈലൻസ് സിസ്റ്റം വാങ്ങുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.62** — **25.6.2008 -ൽ മറുപടിക്ക്**

### ത്രിതല പഞ്ചായത്തുകൾ മുഖേന ആരോഗ്യസുരക്ഷാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി.ജോസഫ് | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) ത്രിതല പഞ്ചായത്തുകൾ മുഖേന ആരോഗ്യസുരക്ഷാ പദ്ധതികൾ ആരംഭിക്കുവാനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ; | (എ) ത്രിതല പഞ്ചായത്തുകൾ മുഖേന ആരോഗ്യസുരക്ഷാ പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പു വഴി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ നിലവിലില്ല. എന്നാൽ സംസ്ഥാനത്തെ ദരിദ്ര കുടുംബങ്ങൾക്ക് വിശേഷിച്ചും അസംഘടിതമേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്ക് ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ കൊല്ലം, ആലപ്പുഴ ജില്ലകളിലായി 'രാഷ്ട്രീയ സ്വസ്ത്യാ ബീമാ യോജന' എന്ന പദ്ധതി നടപ്പിലാക്കി വരികയാണ്. ഈ പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുവാൻ സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച ആരോഗ്യസുരക്ഷാ പദ്ധതിയിൽ പഞ്ചായത്തുകൾ മുഖേന ജനങ്ങളിൽ നിന്ന് പ്രീമിയമായി എത്ര രൂപ സംഭരിച്ചു ; | (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ദരിദ്രകുടുംബങ്ങൾക്ക് ആരോഗ്യ സുരക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ബി.പി.എൽ വിഭാഗത്തിന്റെ വിഹിതമായി നാല് കോടി എഴുപത്തി ഒൻപത് ലക്ഷത്തി അൻപത്തിനാലായിരത്തി എഴുപത്തിനാല് (4,79,54,074) രൂപയും എൽ.എസ്.ജി.ഐ. വിഹിതമായി **4,38,44,191** രൂപയും എ.പി.എൽ വിഭാഗത്തിന്റെ |

| | | | |
|---|---|---|---|
| | | | വിഹിതമായി ആകെ **3,62,88,000** രൂപയുമായി ആകെ **9,54,27,065** രൂപ സംഭരിച്ചിട്ടുണ്ട്. വിശദമായ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഈ തുക തിരിച്ച് നൽകിയോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ? | (സി) | ഇല്ല. ഇൻഷ്വറൻസ് കമ്പനിക്ക് ഗുണഭോക്താക്കളുടേയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടേയും വിഹിതമായി നൽകിയ തുക സർക്കാർ നിർദ്ദേശത്തെത്തുടർന്ന് മടക്കി നൽകണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഇൻഷ്വറൻസ് കമ്പനി **7,69,90,699/-** രൂപ (ഏഴുകോടി അറുപത്തി ഒൻപത് ലക്ഷത്തി തൊണ്ണൂറാ യിരത്തി അറുനൂറ്റി തൊണ്ണൂറ്റി ഒൻപത് രൂപ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പേരിൽ ബാങ്കേഴ്സ് ചെക്കായി 05.02.2007 നും, 17.04.08 ലും ലഭ്യമാക്കുകയുണ്ടായി. ഇതിനു പുറമേ 39456/- രൂപയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റുകൾ ഗുണഭോക്താക്കളുടെ പേരുവിവരം വ്യക്തമല്ലാത്തതിനാൽ കമ്പനി തുടക്കത്തിൽ തന്നെ മടക്കി നൽകിയിരുന്നു. ഇതിനുപുറമെ, തദ്ദേശ ഭരണ സ്ഥാപനങ്ങളും കുടുംബശ്രീ സി.ഡി.എസ്സും സമാഹരിച്ചതും, ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറുന്നതിനായി കുടുംബശ്രീ ജില്ലാ മിഷനെ ഏൽപ്പിച്ചിരുന്ന തുകയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആദ്യമേ തന്നെ മടക്കി നൽകിയിട്ടുണ്ട്. ഈ തുകകൾ പുതിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിക്കുന്ന സാഹചര്യത്തിൽ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | പിരിച്ചെടുത്ത തുക | | | |
|---|---|---|---|---|
| | ബി.പി.എൽ. | എ്ൽ.എസ്.ജി.ഐ. | എ.പി.എൽ | ആകെ |
| തിരുവനന്തപുരം | 4843476 | 4843476 | 15300 | 9702252 |
| കൊല്ലം | 2828166 | 2828166 | 341550 | 5997882 |
| ആലപ്പുഴ | 1932810 | 1644027 | 120600 | 3697437 |
| കോട്ടയം | 3172422 | 3145626 | 208350 | 6526398 |
| പത്തനംതിട്ട | 1820016 | 1820016 | 306450 | 3946482 |
| ഇടുക്കി | 4844070 | 4703820 | 446400 | 9994290 |
| എറണാകുളം | 4621188 | 4621188 | 1015200 | 10257576 |
| തൃശൂർ | 5180010 | 5180010 | 437850 | 10797870 |
| പാലക്കാട് | 2846789 | 2716423 | 49500 | 5612712 |
| മലപ്പുറം | 6688935 | 6056292 | 250650 | 12995877 |
| വയനാട് | 1488908 | 254364 | 126900 | 1870172 |
| കോഴിക്കോട് | 4099227 | 2442726 | 59400 | 6601353 |
| കണ്ണൂർ | 2201166 | 2201166 | 174600 | 4576932 |
| കാസർകോട് | 1386891 | 1386891 | 76050 | 2849832 |
| **ആകെ** | **47954074** | **43844191** | **3628600** | **95427065** |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
8-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 63    25.6.2008-ലെ മറുപടിക്ക്

## കെ.എസ്.ആർടി.സി. ജീവനക്കാരുടെ ശമ്പളക്കരാർ

**ചോദ്യം**

ശ്രീ. അടൂർ പ്രകാശ്
ശ്രീ. എ.പി. അനിൽ കുമാർ
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

**ഉത്തരം**

ശ്രീ. മാത്യു .ടി. തോമസ്
ഗതാഗതവും പ്രിന്റിംഗും
സ്റ്റേഷനറിയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർടി.സി. ജീവനക്കാരുടെ ശമ്പളക്കരാറിന്റെ കാലാവധി എന്നാണ് അവസാനിച്ചത്; | (എ) | കെ.എസ്.ആർടി.സി. ജീവനക്കാരുടെ ശമ്പളക്കരാറിന്റെ കാലാവധി 28.2.2002 ൽ അവസാനിച്ചു. |
| (ബി) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ആർടി.സി. ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം സംബന്ധിച്ച ചർച്ചകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണാരംഭിച്ചത്; | (ബി) | ഉണ്ട്. ഇത് സംബന്ധിച്ച ചർച്ചകൾ 1.2.2007-ന് ആരംഭിച്ചു. |
| (സി) | ഇതു സംബന്ധിച്ച് എത്ര തവണ ചർച്ചകൾ നടന്നിട്ടുണ്ട്; | (സി) | ഇത് സംബന്ധിച്ച് ഏഴ് (7) തവണ ചർച്ചകൾ നടത്തിയിട്ടുണ്ട്. |
| (ഡി) | ചർച്ചകളിൽ ഏതെങ്കിലും കാര്യങ്ങളിൽ ധാരണയായിട്ടുണ്ടോ; ചർച്ചകൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് വെളിപ്പെടുത്തുമോ; | (ഡി) | ചില അലവൻസുകളെ സംബന്ധിച്ച ചർച്ചകളിൽ ധാരണയായിട്ടുണ്ട്. ശമ്പള പരിഷ്ക്കരണ ചർച്ച പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| (ഇ) | ചർച്ചകൾ പൂർത്തിയാക്കി പുതിയ ശമ്പളക്കരാർ നിലവിൽ വരുന്നതുവരെ ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകാൻ നടപടികൾ സ്വീകരിക്കുമോ? | (ഇ) | പ്രതിമാസം അഞ്ഞൂറ് (500/-) രൂപ ഇടക്കാലാശ്വാസമായി 1.1.2008 മുതൽ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ.

**പന്ത്രണ്ടാം കേരള നിയമസഭ**

ഏട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** ചോദ്യം നമ്പർ. 64

**25.6.2008ൽ** മറുപടിക്ക്

**ഭൂരഹിതർക്ക് ഭൂമി**

**ചോദ്യം**
ശ്രീ.ജോസഫ് എം. പുതുശ്ശേരി
ശ്രീ.റോഷി അഗസ്റ്റിൻ

**ഉത്തരം**
ശ്രീ.കെ.പി.രാജേന്ദ്രൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ഭൂരഹിതരായ എത്ര പേരുണ്ടെന്ന് അറിയിക്കാമോ ; | (എ). സംസ്ഥാനത്തെയാകെ ഭൂരഹിതരായ ആളുകളുടെ എണ്ണം ക്രോഡീകരിച്ച് ലഭ്യമല്ല. ലഭ്യമായ വിവരമനുസരിച്ച് ഭൂരഹിതരായ ആളുകളുടെ എണ്ണം ജില്ല തിരിച്ച് താഴെപ്പറയും പ്രകാരം വിവരിക്കുന്നു.<br><br>1. തിരുവനന്തപുരം ലഭ്യമല്ല<br>2. കൊല്ലം :<br>3. എറണാകുളം :<br>4. തൃശൂർ :<br>5. കാസർഗോഡ് :<br>6. പത്തനംതിട്ട<br>  1. കോന്നി താലൂക്ക് 3106<br>  2. തിരുവല്ല താലൂക്ക് 77<br>  മറ്റു താലൂക്കുകൾ: ലഭ്യമല്ല.<br>7. ആലപ്പുഴ 17804<br>8. ഇടുക്കി 25363<br>9. കോട്ടയം 6388<br>10 പാലക്കാട് 36224<br>11. മലപ്പുറം 14967<br>12. കോഴിക്കോട് 17144<br>13. വയനാട് 23314<br>14. കണ്ണൂർ<br>  1. പട്ടികവർഗ്ഗം 369<br>  2. ബാക്കിയുള്ളവർ ലഭ്യമല്ല<br><br>വിവരം ലഭ്യമല്ലാത്ത ജില്ലകളിൽ വിശദമായ സർവ്വേയിലൂടെ മാത്രമേ കണക്ക് ലഭ്യമാകുകയുള്ളൂ. |

| | |
|---|---|
| [illegible] | [illegible] |
| [illegible] | [illegible] |
| [illegible] | [illegible] |

[illegible]

**പന്ത്രണ്ടാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 65 — 25.6.2008-ൽ മറുപടിയ്ക്ക്

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.കെ.പി.പത്മനാഭൻ:<br>ശ്രീ.എം.ചന്ദ്രൻ:<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ:<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി:<br>ശ്രീ.ബി.രാഘവൻ: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ വർഷം സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നടന്ന പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ. പദ്ധതി പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ട്. പ്രധാന നേട്ടങ്ങളുടെയും പരിമിതികളുടേയും വിശദാംശം താഴെ കൊടുക്കുന്നു.<br>**പ്രധാന നേട്ടങ്ങൾ**<br>1. കരാറുകാരെയും ഇടനിലക്കാരെയും പൂർണ്ണമായി ഒഴിവാക്കുകയും തൊഴിലാളികളുടെ കൂലി അവരുടെ ബാങ്ക് അക്കൗണ്ട് വഴി നൽകുകയും ചെയ്തതിലൂടെ അഴിമതി തടയാനായി.<br>2. പ്രവർത്തികൾ കുടുംബശ്രീ എ.ഡി.എസ്. വഴി സംഘടിപ്പിക്കുക, പണി എടുക്കുന്നതിൽ വർദ്ധിച്ച സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുക, സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യവേതനം നൽകുക. പ്രവർത്തികളുടെ നടത്തിപ്പിന്റെ മേൽനോട്ടച്ചുമതല സ്ത്രീകൾക്കു നൽകുക എന്നീ സമീപനങ്ങളിലൂടെ സ്ത്രീ ശാക്തീകരണത്തിനെ സഹായിച്ചു.<br>3. മണ്ണ്-ജല-ജൈവ സമ്പത്തിന്റെ പരിപോഷണത്തിനുതകുന്ന പ്രവർത്തികൾ ഏറ്റെടുത്തു.<br>4. വാർഷിക കർമ്മപരിപാടിയും ലേബർ ബഡ്ജറ്റും തയ്യാറാക്കാനായി പരിശീലനം സിദ്ധിച്ച ഗ്രാമസഭാ ഫെസിലിറ്റേറ്റർമാരുടെ സഹായത്തോടെ തൊഴിലാളികളുടെ ഗ്രാമസഭകൾ വിളിച്ചുചേർത്തു.<br>5. സാങ്കേതിക വിഭാഗം ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കാനായി സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ എഞ്ചിനീയർമാരുടേയും സ്വകാര്യ എഞ്ചിനീയർമാരുടേയും സേവനം ഉപയോഗിച്ചു. |

6. പ്രവൃത്തികളുടെ തൽസമയ സാമൂഹ്യ അവലോകനം നടത്താൻ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു.
7. പദ്ധതി നടത്തിപ്പ് സുതാര്യമാക്കി.
8. പരിസ്ഥിതി പുന:സ്ഥാപനത്തിന് മുന്തിയ പ്രാധാന്യം നൽകി.
9. സോഷ്യൽ ഓഡിറ്റിന് മാർഗ്ഗരേഖ തയ്യാറാക്കി. അതനുസരിച്ച് സോഷ്യൽ ഓഡിറ്റ് ആരംഭിച്ചു.

<u>പ്രധാന പരിമിതികൾ</u> :

1.പദ്ധതി പൂർണ്ണമായും ആവശ്യാധിഷ്ഠിത(Demand responsive) ആക്കി മാറ്റാൻ സാധിച്ചില്ല.
2. പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളെ പൂർണ്ണമായും പദ്ധതിയിലേയ്ക്ക് ആകർഷിക്കാൻ സാധിച്ചില്ല.
3. തീരപ്രദേശത്തും തോട്ടം മേഖലയിലും അനുയോജ്യമായ പ്രവർത്തികൾ കണ്ടെത്താൻ പ്രയാസം നേരിട്ടു.

പദ്ധതി പുരോഗതിയുടെ കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

| | | | |
|---|---|---|---|
| ബി. | പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്; | ബി. | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനായി (i) തീരപ്രദേശത്തും തോട്ടം മേഖലയിലും ഏറ്റെടുക്കാവുന്ന പ്രവർത്തികൾ കണ്ടെത്തുക<br>(ii) കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി ലേബർ ബാങ്കുകൾ രൂപീകരിക്കുക<br>(iii) സാങ്കേതിക വിദഗ്ധരുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനത്തിനു പുറമേ പരിശീലനം കിട്ടിയ ബെയർ ഫുട്ട് എഞ്ചിനീയർമാരെ നിയോഗിക്കുക<br>(iv) തരിശു നിലങ്ങളെ ഒരു സമഗ്ര നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ കൃഷിയോഗ്യമാക്കുവാനുള്ള ഭൂവികസന പരിപാടികൾ ആവിഷ്കരിക്കുക.<br>(V) പട്ടികവർഗ്ഗ പ്രമോട്ടർമാരുടെ സഹായത്തോടെ തൊഴിലാവശ്യമുള്ള എല്ലാ പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും തൊഴിൽ നൽകുക തുടങ്ങിയ നിർദ്ദേശങ്ങൾ പരിഗണനയിലുണ്ട്. കൂടാതെ തൊഴിലുറപ്പുപദ്ധതിയുടെ കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങളിൽ സംസ്ഥാനത്തിന് അനുയോജ്യമായ മാറ്റങ്ങൾ വരുത്തുവാൻ കേന്ദ്രസർക്കാരിനോടാവശ്യപ്പെടുകയും, ഇതിനായി സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നുണ്ട്. |
| സി. | എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതി നട | സി. | ജില്ലാ കളക്ടർമാരെ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാരായും, ദാരിദ്ര്യ ലഘൂകരണ യൂണിറ്റിലെ പ്രോജക്ട് |

പ്പാക്കുന്നതിന്റെ ഭാഗമായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

ഡയറക്ടർമാരെ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാരായും, ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർമാരെ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരായും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ തൊഴിലുറപ്പ് രജിസ്ട്രേഷൻ ഓഫീസർമാരായും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് തൊഴിലാവശ്യപ്പെടുന്നകുടുംബങ്ങളുടെ രജിസ്ട്രേഷൻ നടത്തി തൊഴിൽ കാർഡ് നൽകുന്ന പ്രവർത്തനം, ജനപ്രതിനിധികളുടേയും ജീവനക്കാരുടേയും കുടുംബശ്രീ പ്രവർത്തകരുടേയും പരിശീലനം, പരിപാടിയുടെ ലക്ഷ്യങ്ങൾ ജനങ്ങളിലെത്തിക്കാനുള്ള വിവര-വിദ്യാഭ്യാസ-വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, വാർഷിക കർമ്മ പരിപാടി തയ്യാറാക്കൽ, എന്നീ മുന്നൊരുക്ക പ്രവർത്തനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.

ഡി. ഇതിനകം സംസ്ഥാനത്തൊട്ടാകെ എത്ര ആളുകൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഈ വർഷം പദ്ധതിയ്ക്കായി സംസ്ഥാനത്തിന് എത്ര കോടി രൂപ ലഭിക്കുമെന്ന് അറിയിക്കുമോ?

ഡി. 17,76,586 കുടുംബങ്ങളിലായി 31.7 ലക്ഷം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ പാലക്കാട്, വയനാട്, കാസർഗോഡ്, ഇടുക്കി ജില്ലകളുടെ ലേബർ ബഡ്ജറ്റ് തയ്യാറാക്കി കേന്ദ്രസർക്കാരിനു നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ 4 ജില്ലകൾക്ക് 2008-09 സാമ്പത്തിക വർഷം 201.91 കോടി രൂപ പദ്ധതി വിഹിതമായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ കേന്ദ്രവിഹിതം 189.79 കോടി രൂപയാണ്. ആദ്യ ഗഡുവായി 94.90 കോടി രൂപ കേന്ദ്രസർക്കാർ റിലീസ് ചെയ്തിട്ടുണ്ട്. ബാക്കി 10 ജില്ലകളുടെ ലേബർ ബഡ്ജറ്റ് ഉടൻ തന്നെ കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലേബർ ബഡ്ജറ്റ് അംഗീകരിക്കുന്നതുവരെയുള്ള പദ്ധതി വിഹിതമായി 10 ജില്ലകൾക്ക് 20 കോടി 52 ലക്ഷം രൂപ കേന്ദ്ര വിഹിതമായി അനുവദിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി ഒരു ആവശ്യാധിഷ്ഠിതം (Demand driven) ആയതുകൊണ്ട് ആവശ്യാനുസരണം ഫണ്ട് ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.

# അനുബന്ധം

| ജില്ല | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ | തൊഴിൽ നൽകിയ കുടുംബങ്ങൾ | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) | ആകെ ചെലവ് (ലക്ഷത്തിൽ) |
|---|---|---|---|---|
| പാലക്കാട് | 76,180 | 76,180 | 26.72574 | 3614.18 |
| വയനാട് | 64,126 | 64,075 | 28.00709 | 3930.52 |
| ഇടുക്കി | 26,450 | 23,503 | 2.58191 | 358.61 |
| കാസർഗോഡ് | 21,617 | 18,271 | 3.15334 | 433.52 |
| **ആകെ** | **1,88,373** | **1,82,029** | **60.46808** | **8,336.83** |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.66 — 25.06.2008-ലെ മറുപടിക്ക്

"പഞ്ചായത്തുകളിലെയും നഗരസഭകളിലെയും ഭരണ സംവിധാനം മെച്ചപ്പെടുത്തുന്ന പദ്ധതി"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ശിവൻകുട്ടി<br>ശ്രീ.രാജു എബ്രഹാം<br>പ്രൊഫ.സി.രവീന്ദ്ര നാഥ്<br>ശ്രീ.വി.എൻ. വാസവൻ<br>ശ്രീ.എ.എം. യൂസഫ് | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) പഞ്ചായത്തുകളിലെയും നഗര സഭകളിലെയും ഭരണ സംവിധാനം മെച്ചപ്പെടുത്തുന്ന തിനായി പദ്ധതി ആവിഷ്കരി ച്ചിട്ടുണ്ടോ? എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (എ) പഞ്ചായത്തുകളിലെയും നഗരസഭകളിലെയും ഭരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ വികസന പ്രവർത്തനരീതി മെച്ച പ്പെടുത്തു ന്നതിന് ഓരോ തദ്ദേശ ഭരണ സ്ഥാപനവും ഒരു സദ്ഭരണ നിർവ്വഹണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് 14.05.2007 ലെ ജി.ഒ. (എം.എസ്) നമ്പർ 128/2007/ തസ്വഭവ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയും (2007 - 2008), പതിനൊന്നാം പഞ്ചവൽസര പദ്ധതിയും (2007 - 12) തയ്യാറാക്കുന്നതിനായി പുറത്തിറക്കിയ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്, എന്നിവയിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുക, കണക്കുകൾ ചിട്ടയായും കുടിശിക യില്ലാതെയും തയ്യാറാക്കുന്നുവെന്ന് ഉറപ്പു വരുത്തുക, നൽകി കഴിഞ്ഞ ആനുകൂല്യങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സംയോജിത ഗുണഭോക്തൃ വിവരശേഖരം തയ്യാറാക്കുക, വിവരാവകാശ നിയമം |

ഉറപ്പുവരുത്തുന്ന സുതാര്യതയും വെളിപ്പെടുത്തലുകൾക്കും അനുയോജ്യമായി ഭരണ സംവിധാനങ്ങൾ നവീകരിക്കുക, എല്ലാ പൊതു സേവനങ്ങളും ഇലക്ട്രോണിക് സംവിധാന ത്തിലൂടെ പ്രദാനം ചെയ്യുവാൻ നടപടി ആവിഷ്കരിക്കുക, ജനനം, വിവാഹം, മരണം എന്നിവയുടെ രജിസ്ട്രേഷൻ പൂർണ്ണമാക്കുക, ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ പൗര സംബന്ധിയായ ചുമതലകളുടെ നിർവ്വഹണം മെച്ചപ്പെടുത്തുക; സിറ്റിസൺ സ്കോർ കാർഡും സാമൂഹ്യ ഓഡിറ്റും വഴി ഉത്തരവാദിത്വങ്ങൾ ഉറപ്പു വരുത്തുക, അഴിമതി ഇല്ലാതാക്കുക, പൗരാവകാശ രേഖയുടെ ഭാഗമായി വിശദമായ സേവന പ്രദാന പദ്ധതികൾ തയ്യാറാക്കുക, ആവശ്യക്കാരുടെ അരികിൽ സേവനമെത്തിക്കുന്ന സംസ്കാരം വളർത്തിയെടുക്കുക, പൊതു ജന പരാതി പരിഹാര സംവിധാനം ആവിഷ്കരിക്കുക, ഉദ്യോഗസ്ഥരുടെ കൃത്യനിഷ്ഠയും ശേഷിയും പരിശീലനത്തിലൂടെയും പ്രവർത്തനാവലോകനത്തിലൂടെയും വർദ്ധിപ്പിക്കുക, കുടുംബശ്രീ ശൃംഖലയിലൂടെ ഒരു സമൂഹാധിഷ്ഠിത മോണിറ്ററിംഗ് സമ്പ്രദായം നടപ്പാക്കുക എന്നിവ ഉൾപ്പെടുന്ന ഒരു സദ്ഭരണ നിർവ്വഹണ പദ്ധതിയാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാക്കേണ്ടതായിട്ടുള്ളത്.

ഈ ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റേയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റേയും സംയുക്ത ആഭിമുഖ്യത്തിൽ ജില്ലാതല ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു. കിലയുടെ ആഭിമുഖ്യത്തിലുള്ള വിവിധ പരിശീലന പരിപാടികളിൽ സദ്ഭരണം, അക്കൗണ്ടിംഗ് മെച്ചപ്പെടുത്തൽ, ബഡ്ജറ്റിംഗ്, ഓഫീസ് നിർവ്വഹണം പൊതു ഭരണം തുടങ്ങി വിവിധ വിഷയങ്ങൾ ഉൾച്ചേർക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കഴിഞ്ഞ 10 വർഷത്തെ കണക്കുകൾ ചിട്ടപ്പെടുത്തുന്നതിലേയ്ക്ക് ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടുകൂടി ജില്ലാ തല പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. കൂടാതെ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നടത്തിപ്പുമായും മറ്റ് വിഷയങ്ങളുമായും ബന്ധപ്പെട്ട സംശയങ്ങ ളുടേയും മറ്റും നിവാരണാർത്ഥം ജില്ല ആസ്ഥാനമായി ഹെൽപ് ഡെസ്ക് പ്രവർത്തിച്ചുവരുന്നു.

(ബി) മറ്റു വകുപ്പുകളിൽ നിന്നും ജീവന ക്കാരെ പുനർവിന്യസി പ്പിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ?

(ബി) തദ്ദേശ സ്വയംഭരണ വകുപ്പിലേയ്ക്ക്, മറ്റ് 19 വകുപ്പുകളിൽ നിന്നും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരേയും പൊതുമരാമത്ത്/ ജലവിഭവ വകുപ്പുകളിൽ നിന്നും സാങ്കേതിക വിഭാഗം ജീവനക്കാരേയും പുനർവിന്യസിച്ചു വന്നിരുന്നു. മിനിസ്റ്റീരി യൽ വിഭാഗം ജീവനക്കാരുടെ പുനർ വിന്യാസം ഇപ്പോഴും തുടർന്നു കൊണ്ടിരി ക്കുന്നു. 13.11.2007 ലെ സ.ഉ (എം.എസ്) നമ്പർ 253/07/LSGD പ്രകാരം തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. അതിലേയ്ക്ക് സ്ഥിര നിയമനം ലഭിക്കുന്ന തിനായി പൊതു മരാമത്ത്/ജലവിഭവ വകുപ്പുകളിൽ നിന്നുള്ള സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഓപ്ഷൻ ചോദിക്കുകയും ഇപ്രകാരം ഓപ്ഷൻ നൽകിയ ജീവനക്കാരെ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗി ലേയ്ക്ക് അബ്സോർബ് ചെയ്യുകയും അവർക്ക് നിയമനം കൊടുക്കുവാനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. എന്നാൽ ആവശ്യമായ അത്രയും സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഓപ്ഷൻ ലഭിക്കാത്തതിനാൽ പൊതു മരാമത്ത് /ജലവിഭവ വകുപ്പുകളിൽ നിന്നും ജൂനിയർ മാരായിട്ടുള്ള ഉദ്യോഗസ്ഥരെ തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് വിട്ടുകിട്ടുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(സി) തദ്ദേശ സ്വയംഭരണ വകുപ്പിനു മാത്രമായി ഒരു എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിക്കാനുള്ള പദ്ധതി നടപ്പായിട്ടുണ്ടോ?

(സി) ഉണ്ട്

| | |
|---|---|
| (ഡി) തദ്ദേശ സ്വയംഭരണ വകുപ്പിൻ കീഴിൽ എത്ര എഞ്ചിനീയർമാരെയാണ് ആവശ്യമുള്ളത്? | (ഡി) തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ താഴെപ്പറയും പ്രകാരമുള്ള എഞ്ചിനീയറിംഗ് ജീവനക്കാരെയാണ് ആവശ്യമുള്ളത്.<br><br>1. ചീഫ് എഞ്ചിനീയർ - 1<br>2. സൂപ്രണ്ടിംഗ് എഞ്ചിനീയർ - 8<br>3. എക്സിക്യൂട്ടീവ് എഞ്ചിനീയർ - 45<br>4. അസി.എക്സിക്യൂട്ടീവ്എഞ്ചിനീയർ -162<br>5. അസിസ്റ്റൻറ് എഞ്ചിനീയർ - 777 |
| (ഇ) പഞ്ചായത്തുകളിൽ കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്ന പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് അറിയിക്കുമോ? | (ഇ) എല്ലാ പഞ്ചായത്തുകളിലും കമ്പ്യൂട്ടർ വൽക്കരണ സംവിധാനങ്ങൾ 2008 ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ ഏർപ്പെടുത്തുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 67 — 25.6.2008-ൽ മറുപടിക്ക്.

# സംസ്ഥാന ഗവൺമെന്റ് കക്ഷിയായുള്ള കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. വർക്കല കഹാർ: | ശ്രീ. കെ.പി.രാജേന്ദ്രൻ<br>(ബഹു:റവന്യു വകുപ്പ് മന്ത്രി) |
| (എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാന ഗവൺമെന്റ് കക്ഷിയായുള്ള ഭൂമി സംബന്ധമായ എത്ര കേസുകൾ സംസ്ഥാന ഹൈക്കോടതിയിലും സുപ്രീം കോടതിയിലും വന്നിട്ടുണ്ട്; | (എ) 351 കേസുകൾ; |
| (ബി) ഈ കേസുകൾ ഏതെല്ലാമായിരുന്നു; | (ബി) പട്ടിക അനുബന്ധമായി ചേർക്കുന്നു; |
| (സി) ഈ കേസുകളിൽ എത്രയെണ്ണത്തിൽ സർക്കാർ തോറ്റു; എത്രയെണ്ണത്തിൽ സർക്കാർ ജയിച്ചു; | (സി) സർക്കാർ മുഖ്യകക്ഷിയായി വരുന്ന കേസുകളിൽ അന്തിമ വിധി അനുകൂലമായും, പ്രതികൂലമായും വരാറുണ്ട്. കോടതിവിധി പ്രതികൂലമായി വരുന്ന കേസുകളിൽ കിട്ടുന്ന ലീഗൽ അഡ്വൈസിന്റെ ബേസിസിൽ സർക്കാർ അപ്പീൽ ഫയൽ ചെയ്യാറുണ്ട്. അതുകൊണ്ട് കേസുകളിൽ ജയപരാജയങ്ങൾ തിട്ടപ്പെടുത്തുക പ്രായോഗികമല്ല; |
| (ഡി) ഈ കേസുകൾ നടത്തുന്നതിന് വക്കീൽ ഫീസായി എന്തു തുക ചെലവായി? | (ഡി) വിവരം സമാഹരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 68 — 25.6.2008-ൽ മറുപടിക്ക്

## ഭൂമാഫിയയെ നിയന്ത്രിക്കുന്നതിന് നടപടി

ചോദ്യം

ശ്രീ. രാജാജി മാത്യു തോമസ്,
ശ്രീ. എൻ. അനിരുദ്ധൻ,
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ,
ശ്രീ. വി. എസ്. സുനിൽകുമാർ,
ശ്രീ. എ. കെ. ചന്ദ്രൻ.

ഉത്തരം

ശ്രീ. കെ. പി. രാജേന്ദ്രൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) അനധികൃത കയ്യേറ്റങ്ങൾ തടയുന്നതിനും ഭൂമാഫിയയെ നിയന്ത്രിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനു വേണ്ടി ഇതുവരെ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ; | (എ). അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും ഭൂമാഫിയയെ നിയന്ത്രിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ തലത്തിൽ ദൗത്യ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ഭൂമാഫിയയുടെ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനു വേണ്ട വിവരങ്ങൾ വില്ലേജ് ഓഫീസുകളിൽ നിന്നും ശേഖരിച്ച് പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻസ്പെക്ഷൻ-കം-വിജിലൻസ് വിഭാഗം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) അനധികൃത വിദേശപണം വൻതോതിൽ ഭൂമി വാങ്ങി കൂട്ടുന്നതിന് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. ഇത്തരം അനധികൃത ഇടപാടുകൾ ശ്രദ്ധയിൽപ്പെടുന്നതനുസരിച്ച് പരിശോധനകൾ നടത്തുന്നതിനായി ജില്ലാതലത്തിൽ ഇൻസ്പെക്ഷൻ-കം-വിജിലൻസ് വിഭാഗവും, സംസ്ഥാനതലത്തിൽ റവന്യൂ ഡെപ്യൂട്ടി സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു പരിശോധനാ വിഭാഗവും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പരിധിയിൽ കവിഞ്ഞ ഭൂമി ഏതെങ്കിലും വ്യക്തിയോ, ട്രസ്റ്റോ വാങ്ങിയിട്ടുണ്ടെങ്കിൽ സ്വമേധയാ കേസ്സെടുക്കാനുള്ള നടപടികൾ ലാന്റ് ബോർഡും സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭൂ മാഫിയ പ്രവർത്തിച്ചുവരുന്നതായും ഭൂമി വാങ്ങിക്കൂട്ടുന്നതായും അതിനായി വൻതോതിൽ പണം മുടക്കുന്നതായും മാധ്യമങ്ങൾ മുഖേന വാർത്തകൾ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതെങ്കിലും വ്യക്തികളോ, സ്ഥാപനങ്ങളോ, ട്രസ്റ്റുകളോ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി 12/6)2008-ലെ ജി.ഒ. (ആർടി) 2001/2008/ആർഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ട്. ഈ ടീമിന്റെ പ്രവർത്തനം |

| | |
|---|---|
| | തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. കൂടാതെ ജില്ലകളിൽ ഇത്തരം പരിശോധന നടത്തുന്നതിനായി 26/5/2008-ലെ 1785/08/ആർഡി നമ്പർ ഉത്തരവു പ്രകാരം കളക്ടറേറ്റുകളിൽ ഇൻസ്പെക്ഷൻ - കം വിജിലൻസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) ഭൂമാഫിയകൾ ഭൂമിക്ക് അനധികൃത വിലക്കയറ്റം സൃഷ്ടിക്കുന്ന വിവരം ബോധ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വരുമാനം കുറഞ്ഞ ജനങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും കിടപ്പാടം ഉണ്ടാക്കുന്നതിനും എന്തെല്ലാം സഹായങ്ങളാണ് ചെയ്തുകൊടുക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി). ഭൂമാഫിയകൾ ഭൂമിക്ക് അനധികൃത വിലക്കയറ്റം സൃഷ്ടിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ ജില്ലകളിൽ അനധികൃത വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വരുമാനം കുറഞ്ഞ ജനങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും കിടപ്പാടം ഉണ്ടാക്കുന്നതിനും നൽകുന്നതു സംബന്ധിച്ച് വിശദമായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ട സംഗതിയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 69 — 25.06.08 ൽ മറുപടിയ്ക്ക്

ബസ് ചാർജ്ജ് വർദ്ധന

| ചോദ്യം: | | ഉത്തരം : |
|---|---|---|
| ശ്രീ. പി. സി. ജോർജ്ജ് | | ശ്രീ. മാത്യു. ടി. തോമസ് (ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ബസ്സ് ചാർജ്ജ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | ഡീസൽ, ലൂബ്രിക്കന്റ്, സ്പെയർപാർട്ട്സ്, ടയർ ഇവയുടെ വില വർദ്ധനവ് കണക്കിലെടുത്ത് കെ എസ് ആർ ടി സി യും സ്വകാര്യ ബസുടമകളും ബസ് ചാർജ് വർദ്ധന ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ പ്രസ്തുത ആവശ്യം പരിശോധിച്ചുവരുന്നു. |
| ബി) സ്വകാര്യ ബസ്സ് ഉടമകളുമായി നടത്തിയ ചർച്ചയിൽ അവർ ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ; | ബി) | ദേശസാൽകൃത റൂട്ടിൽ നിലവിലുളള സ്വകാര്യ ബസ് പെർമിറ്റ് നിലനിർത്തുക, ബസ് ചാർജ് വർദ്ധിപ്പിക്കുക, വിദ്യാർത്ഥികൾക്കുളള കൺസഷൻ നിരക്ക് കുറയ്ക്കുക; സ്വാശ്രയസ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് കൺസഷൻ കൊടുക്കുന്നത് പുനഃപരിശോധിക്കുക, ക്ഷേമനിധി സംബന്ധിച്ച 30.10.04 ലെ തീരുമാനം നടപ്പിലാക്കുക എന്നിവയാണ് പ്രധാന ആവശ്യങ്ങൾ. |
| സി) ഇതിൻമേൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; | | |
| ഡി) വിദ്യാർത്ഥികളുടെ കൺസഷൻ ചാർജ്ജ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ; | സി), ഡി), ഇ) | മേല്പറഞ്ഞ ആവശ്യങ്ങളിൻമേൽ സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല. |
| ഇ) എങ്കിൽ എത്ര ശതമാനം വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത് ? | | |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 70. 25.06.2008ൽ മറുപടിക്ക്

## സംസ്ഥാന ധനമന്ത്രിമാരുടെയും സാമ്പത്തിക വിദഗ്ദ്ധന്മാരുടെയും യോഗത്തിലെ നിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ശശികുമാർ<br>ശ്രീ. പി.കൃഷ്ണപ്രസാദ്<br>ശ്രീ. കെ.വി.കുഞ്ഞിരാമൻ<br>ശ്രീ. എം.പ്രകാശൻ മാസ്റ്റർ<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| എ) തിരുവനന്തപുരത്തു ചേർന്ന സംസ്ഥാന ധനമന്ത്രിമാരുടെയും സാമ്പത്തിക വിദഗ്ദ്ധരുടെയും യോഗത്തിൽ അംഗീകരിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) പൊതുവായൊരു പ്രഖ്യാപനം നടത്തുകയെന്നത് സെമിനാറിന്റെ ലക്ഷ്യമായിരുന്നില്ല. എന്നാൽ കേന്ദ്ര സംസ്ഥാന സാമ്പത്തിക ബന്ധങ്ങളെ സംബന്ധിച്ച പൊതുവായ ആകാംക്ഷകളും ഉത്ക്കണ്ഠകളും സെമിനാർ പങ്കുവെച്ചു.<br>ഉദാരവത്ക്കരണ നയങ്ങൾ സംസ്ഥാന സർക്കാരുകളുടെ സാമൂഹ്യ ക്ഷേമ ഉത്തരവാദിത്വങ്ങൾ ഗണ്യമായി വർധിപ്പിച്ചിട്ടുണ്ട്. ഇത് സംസ്ഥാനങ്ങളുടെ വിഭവ സാധ്യതകളും ഉത്തരവാദിത്വങ്ങളും തമ്മിലുള്ള വിടവ് വലുതാക്കിയിട്ടുണ്ട്. അതിനാൽ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്ന കേന്ദ്ര നികുതിയുടെ 50 ശതമാനമെങ്കിലും സംസ്ഥാനങ്ങൾക്കായി നീക്കിവയ്ക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടു.<br>ആറാം ശമ്പള കമ്മീഷൻ ശുപാർശകൾ സംസ്ഥാനങ്ങളുടെ സാമ്പത്തിക ബാധ്യത ഗണ്യമായി വർധിപ്പിക്കുമെന്നതിനാൽ അധിക ബാധ്യതയുടെ 50ശതമാനമെങ്കിലും കേന്ദ്രം വഹിക്കണമെന്ന നിർദ്ദേശവും സെമിനാറിൽ ഉയർന്നുവന്നു.<br>സംസ്ഥാനങ്ങൾ ധനകാര്യ കമ്മീഷനുമായി നടത്തുന്ന ഉഭയകക്ഷി ചർച്ചയ്ക്കു പുറമെ സംസ്ഥാനങ്ങളുടെ പൊതുവായ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിന് ധനകാര്യ കമ്മീഷനുമായി കൂട്ടായ ചർച്ച നടത്തണമെന്ന നിർദ്ദേശവും ഉയർന്നുവന്നു.<br>ഭരണഘടനാ പരമായി സംസ്ഥാനങ്ങൾക്കു ലഭിക്കേണ്ട നികുതി വിഹിതം നിബന്ധനകൾക്കു വിധേയമാക്കുന്ന സമീപകാല നീക്കങ്ങൾ അപലപനീയമാണ് |

എന്ന് പൊതുവായി വിമർശനം ഉണ്ടായി. നിബന്ധനകൾ അടിച്ചേൽപ്പിക്കുന്ന സമീപനം പതിമൂന്നാം ധനകാര്യ കമ്മീഷൻ കയ്യൊഴിയുമെന്ന് സെമിനാർ പ്രതീക്ഷ പ്രകടിപ്പിച്ചു.

കേന്ദ്ര സർക്കാരിനും സംസ്ഥാനങ്ങൾക്കും ഇടയിൽ മധ്യസ്ഥ നിലപാട് സ്വീകരിക്കേണ്ട ധനകാര്യ കമ്മീഷന്റെ നിയമനം സംബന്ധിച്ച് ഏകപക്ഷീയമായ തീരുമാനമെടുക്കുന്നതിനു പകരം സംസ്ഥാനങ്ങളുമായി കൂടിയാലോചിക്കണമെന്നുള്ള നിർദ്ദേശവും സെമിനാർ ഉയർത്തി.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ചെലവുകൾകൂടി കേന്ദ്രത്തിന്റെ കമ്മിറ്റഡ് എക്സ്പന്റിച്ചറിൽ ഉൾപ്പെടുത്താനുള്ള നീക്കത്തെ സെമിനാർ അപലപിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതികൾ പൂർണമായും നിർത്തലാക്കി അവ സംസ്ഥാനങ്ങൾക്ക് കൈമാറുകയാണ് വേണ്ടതെന്ന അഭിപ്രായവും ഉയർന്നുവന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ വിഭവം പകർന്നു നൽകാൻ കഴിയുംവിധം സംസ്ഥാന സർക്കാരുകൾക്ക് അധിക വിഹിതം പതിമൂന്നാം ധനകാര്യ കമ്മീഷൻ അനുവദിക്കണമെന്നും സെമിനാറിൽ അഭിപ്രായം ഉയർന്നു.

ബി.) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് സംസ്ഥാന ആസൂത്രണ ബോർഡ് യോഗത്തിൽ മുന്നോട്ടു വെച്ചത് ?

ബി) ടി.സെമിനാറിന്റെ മുഖ്യവിഷയം 13-ാം ധനകാര്യ കമ്മീഷന്റെ പശ്ചാത്തലത്തിൽ കേന്ദ്ര - സംസ്ഥാന സാമ്പത്തിക ബന്ധങ്ങൾ എന്നതായിരുന്നു. അതിനാൽ നിർദ്ദിഷ്ട വിഷയത്തിൽ നിർദ്ദേശമൊന്നും ഈ യോഗം മുന്നോട്ടു വെച്ചിട്ടില്ല.

സി) കേന്ദ്രാവിഷ്കൃത പദ്ധതികളിന്മേൽ സംസ്ഥാന വിഹിതം വർദ്ധിപ്പിക്കുന്ന പ്രവണത സംസ്ഥാനങ്ങൾക്ക് ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ യോഗം ചർച്ച ചെയ്തിട്ടുണ്ടോ? എങ്കിൽ വ്യക്തമാക്കുമോ?

സി) ഉണ്ട്, ഈ ചർച്ചയിൽ ഉയർന്നുവന്ന പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. സംസ്ഥാന വിഷയങ്ങളുടെ പരിധിയിൽ വരുന്ന കേന്ദ്രാവിഷ്കൃത സ്കീമുകൾ അതാതു സംസ്ഥാനങ്ങൾക്ക് അതിനാവശ്യമായ വിഭവങ്ങളോടുകൂടി കൈമാറുക. സംസ്ഥാനങ്ങളിലേക്ക് ഉപാധികളില്ലാത്ത കേന്ദ്ര സഹായത്തിന്റെ ഒഴുക്ക് വർധിപ്പിക്കുക.
2. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഉള്ളടക്കവും ഘടനയും പ്രക്രിയയും രൂപരേഖയും എല്ലാം തീരുമാനിക്കുന്നത് കേന്ദ്രം തന്നെയാണ് എന്നതാണ് ഈ

പദ്ധതികൾ ഫലപ്രദമാക്കുന്നതിൽ നേരിടുന്ന അടിസ്ഥാന പ്രശ്നം. ഇവയുടെ രൂപീകരണത്തിലോ നടത്തിപ്പിലോ സംസ്ഥാനങ്ങൾക്ക് യാതൊരു പങ്കുമില്ല. അതുകൊണ്ടുതന്നെ സംസ്ഥാനങ്ങളുടെ സവിശേഷമായ ആവശ്യങ്ങളെ അഭിസംബോധന ചെയ്യുവാൻ ഇവയ്ക്ക് കഴിയുന്നില്ല.

3. ഈ പദ്ധതികൾ പ്രയോജനപ്പെടുത്തണമെങ്കിൽ അതിനാവശ്യമായ സംസ്ഥാന വിഹിതം കണ്ടെത്തേണ്ടതുണ്ട്. പലപ്പോഴും സംസ്ഥാനങ്ങളുടെ ദുർബലമായ സാമ്പത്തിക സ്ഥിതി ഇത് പ്രയോജനപ്പെടുത്തുന്നതിനു തടസ്സമായിത്തീരുന്നു. ഇതു സംസ്ഥാനങ്ങളുടെ ബജറ്റിൽ സമ്മർദ്ദം സൃഷ്ടിക്കുകയും സർക്കാർ ധനകാര്യ മേഖലയിൽ കേന്ദ്രീകരണത്തിനു വഴിവയ്ക്കുകയും ചെയ്യുന്നു.

4. പദ്ധതികളുടെ ഉപാധികൾ പലപ്പോഴും പ്രാദേശികമായ ആവശ്യങ്ങൾക്കും താൽപര്യങ്ങൾക്കും വഴങ്ങുന്നവയല്ല; ഇത് സംസ്ഥാനങ്ങൾക്ക് അവ പ്രയോജനപ്പെടുത്തുന്നതിൽ വിവിധ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചില സന്ദർഭങ്ങളിൽ കേന്ദ്രം പിന്തുടരുന്ന സ്വകാര്യവൽക്കരണത്തെയും അനുകൂലിക്കുന്ന നയങ്ങൾ തുടരുവാൻ സംസ്ഥാനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

5. പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള വിഹിതത്തിന്റെ അഭാവം പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നു.

6. സാഹചര്യത്തിന് അനുസൃതമായ രീതിയിൽ പദ്ധതി നടത്തിപ്പിനായി വകമാറ്റി ചിലവഴിക്കാനുള്ള സൗകര്യത്തിന്റെ അഭാവം പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നു.

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ

8-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 71        25.6.2008-ലെ മറുപടിക്ക്

## <u>കെ.എസ്.ആർടിസി. ജീവനക്കാരുടെ പെൻഷൻ</u>

<u>ചോദ്യം</u>

ശ്രീ. സി.എഫ്. തോമസ് ജോസഫ്
ശ്രീ. തോമസ് ഉണ്ണിയാടൻ
പ്രൊഫ.എൻ.ജയരാജ്

<u>ഉത്തരം</u>

ശ്രീ. മാത്യു .ടി. തോമസ്
ഗതാഗതവും പ്രിന്റിംഗും
സ്റ്റേഷനറിയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർടിസി. യിൽ പെൻഷൻ അനിശ്ചിതമായി വൈകുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രതിസന്ധിയുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | ചില മാസങ്ങളിൽ പെൻഷൻ വിതരണം നിശ്ചിത ദിവസത്തിൽ തന്നെ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. 2008 ജൂൺ മാസം വരെയുള്ള പെൻഷൻ നൽകി കഴിഞ്ഞു. വിശദ വിവരങ്ങൾ അനുബന്ധമായി വിശദീകരണക്കുറിപ്പിൽ ചേർത്തിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർടിസി. പെൻഷൻ സംവിധാനം സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർടിസി. അപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ ഇക്കാര്യത്തിൽ അനുകൂല തീരുമാനം എടുത്തിട്ടില്ല. |
| (സി) | കെ.എസ്.ആർടിസി ജീവനക്കാരുടെയും പെൻഷൻ കാരുടെയും വിവിധ പ്രശ്നങ്ങൾ പഠിക്കാൻ ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കമ്മീഷനെ നിയോഗിക്കുമോ? | (സി) | കമ്മീഷനെ നിയോഗിച്ചിട്ടില്ല. എന്നാൽ ശമ്പള പരിഷ്കരണ ചർച്ചകൾ അംഗീകൃത യൂണിയനുകളുമായി നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ

# വിശദീകരണ കുറിപ്പ്

കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ച പെൻഷൻ കൊടുക്കേണ്ട ജീവനക്കാർക്ക് ജൂൺ മാസം 2008 വരെയുള്ള പെൻഷൻ നൽകികഴിഞ്ഞു. ഇപ്പോൾ പ്രതിമാസം 13 കോടി രൂപ പെൻഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് വേണ്ടി വരുന്നുണ്ട്. ഓരോ മാസവും ഇത് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതു കൂടാതെ കഴിഞ്ഞ കാലങ്ങളിൽ യഥാസമയം പെൻഷൻ ആനുകൂല്യങ്ങൾ നൽകാതിരുന്നതിനാൽ 4 വർഷത്തോളം വരുന്ന കുടിശ്ശിക ഈ ഇനത്തിലുണ്ട്. പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി പ്രതിമാസം 7 മുതൽ 8 കോടി രൂപ വരെ വേണം. ഇങ്ങനെ പെൻഷനും പെൻഷൻ ആനുകൂല്യങ്ങൾക്കുമായി 21 കോടി രൂപയാണ് ഇപ്പോൾ ആവശ്യം. 1.4.1984ൽ പെൻഷൻ കൊടുക്കാനായി സർക്കാർ ഉത്തരവിടുമ്പോൾ ഒരു പെൻഷൻ ഫണ്ടോ മററ് ഏതു വിധത്തിൽ പെൻഷൻ കൊടുക്കാം എന്നതിനെപ്പററിയോ നടപടി ഉണ്ടായിരുന്നില്ല. ആയതിനാൽ പ്രതിമാസ വരുമാനത്തിൽ നിന്നാണ് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകേണ്ടി വരുന്നത്. 1.4.1984ന് ശേഷം ഇതുവരെ 1200 കോടി രൂപ ഈ രണ്ടിനങ്ങളിലുമായി കൊടുത്തു കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും കൊടുക്കേണ്ടി വരുന്ന ഒരേയൊരു ട്രാൻസ്പോർട്ട് വിഭാഗം ഇന്ത്യയിൽ കെ.എസ്.ആർ.ടി.സി. മാത്രമേയുള്ളു. ഇത്തരം തുകകൾ കൊടുക്കുന്നതിനു വേണ്ടിയും ബസുകൾ വാങ്ങുന്നതിനു വേണ്ടിയും എടുത്ത കടം തിരിച്ചടയ്ക്കാൻ വീണ്ടും വീണ്ടും കടമെടുക്കേണ്ടി വരുന്നു. ഇത്തരത്തിൽ ബാദ്ധ്യതകൾ വർദ്ധിക്കുന്നതു മൂലമാണ് കൃത്യമായി പെൻഷൻ നൽകാൻ ബുദ്ധിമുട്ടുണ്ടാകുന്നത്. ഭീമമായ പലിശ നൽകികൊണ്ട് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്താണ് പലപ്പോഴും പെൻഷൻ തുക നൽകുന്നത്. ഓരോ മാസവും പെൻഷൻ നൽകാനായി കടമെടുക്കുന്നതുമൂലം പ്രതിമാസ തിരിച്ചടവും കൂടുകയാണ്. ഇത് കെ.എസ്.ആർ.ടി.സി.യുടെ നിലനിൽപ്പിനെത്തന്നെ ദോഷമായി ബാധിക്കുന്നുണ്ട്.

ഈ വക കാര്യങ്ങൾ കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി.യുടെ ഡയറക്ടർ ബോർഡ് യോഗം 7.3.2007 ൽ ഇതിനെ സംബന്ധിച്ച ഒരു പ്രധാന തീരുമാനം എടുക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്കുള്ള പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും സർക്കാർ വഹിക്കുകയോ, ഇത് സാദ്ധ്യമാകാതെ വന്നാൽ പെൻഷൻ പ്രായം 58 വരെ ദീർഘിപ്പിക്കുകയോ വേണം എന്നതായിരുന്നു പ്രസ്തുത തീരുമാനം. എന്നാൽ ഇക്കാര്യം പരിശോധിച്ചതുനുശേഷം പെൻഷൻ പ്രായം 58 ആയി ഉയർത്തുന്ന കാര്യം തൽക്കാലം മാററി വച്ചതായി സർക്കാർ കെ.എസ.ആർ.ടി.സി.യെ അറിയിച്ചിട്ടുണ്ട്. പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും സർക്കാർ ഏറെറടുക്കണമെന്ന ആവശ്യത്തിന്മേൽ ഇതുവരെ നടപടികളായിട്ടില്ല. കേരള നിയമസഭയുടെ സബ്ജക്ട് കമ്മിററി-V (പൊതുമരാമത്തും, ഗതാഗതവും, വാർത്താവിനിമയവും) ധനാഭ്യർത്ഥന സംബന്ധിച്ച രണ്ടാമതു റിപ്പോർട്ടിലെ (2007.08) കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച് റിപ്പോർട്ടിൽ ഖണ്ഡിക 7 പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ പെൻഷൻ ബാദ്ധ്യത സർക്കാർ ഏറെറടുക്കുകയോ മററ് സംസ്ഥാനങ്ങളിൽ ചെയ്യുന്നതു പോലെ പെൻഷന് തുല്യമായ തുക ഗ്രാൻറായി നൽകുകയോ ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരികയാണ്.

കൂടാതെ പെൻഷൻ ആനുകൂല്യങ്ങൾ നൽകാനായി ബഹു. സുപ്രീം കോടതി വിധി പ്രകാരം കളക്ഷനിൽ നിന്നും 10% തുക മാററി വയ്ക്കുകയും ടി തുക മുൻഗണനാ ക്രമത്തിൽ നൽകി വരികയും ചെയ്യുന്നു. ജീവനക്കാരുടേയും പെൻഷൻകാരുടേയും പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഒരു കമ്മീഷനെ നിയോഗിച്ച് അതിൻെറ ചെലവ് കൂടി വഹിക്കേണ്ട കാര്യമില്ല. പ്രശ്നങ്ങൾ പറയാതെ തന്നെ കൃത്യമായി അറിയാവുന്നതാണ്.

[signature]
S.O

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.72     25.6.2008 -ൽ മറുപടിക്ക്

## കുടുംബശ്രീ സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്.സലീഖ<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീമതി.ജെ.അരുന്ധതി | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും, സംഘടനാ സംവിധാനം ശക്തിപ്പെടുത്തി പ്രവർത്തനങ്ങളുടെ ചടുലത വർദ്ധിപ്പിക്കുന്നതിനും ചുവടെ ചേർക്കുന്ന കർമ്മ പരിപാടികൾക്ക് രൂപം നൽകിയിരുന്നു<br>**1.കണക്കുചിട്ടപ്പെടുത്തൽ‌ക്യാമ്പയിൻ**<br>നഗര ഗ്രാമ പ്രദേശങ്ങളിലെ മുഴുവൻ കുടുംബശ്രീ സംവിധാനത്തിന്റെയും കണക്കുകൾ ക്രമവൽക്കരിക്കുന്നതിനും, കണക്കെഴുത്ത് രീതി മെച്ചപ്പെടുത്തുന്നതിനുമാണ് കണക്കുചിട്ടപ്പെടുത്തൽ ക്യാമ്പയിൻ സംഘടിപ്പിച്ചത്. മുഴുവൻ കുടുംബശ്രീ സംവിധാനത്തിന്റെയും കണക്കുകൾ ചിട്ടപ്പെടുത്തുന്നതിന് ഇതിലൂടെ സാധിച്ചിട്ടുണ്ട്. സാമ്പത്തിക പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും, സാമ്പത്തിക അച്ചടക്കം ഏർപ്പെടുത്തുന്നതിനും കണക്കുചിട്ടപ്പെടുത്തൽ പ്രവർത്തനങ്ങൾ ഉപകരിച്ചിട്ടുണ്ട്. കുടുംബശ്രീ സംവിധാനത്തിന്റെ വാർഷിക ആഡിറ്റിംഗ് പ്രവർത്തനങ്ങൾ കൂടുതൽ വ്യവസ്ഥാപിതമാക്കുകയും കുടുംബശ്രീ ആഡിറ്റിംഗ് ആന്റ് അക്കൗണ്ടിംഗ് സൊസൈറ്റിയുടെ വിപുലീകരണ പ്രവർത്തനങ്ങളും |

| | | | |
|---|---|---|---|
| | | | ഇതോടൊപ്പം നടത്തുകയുണ്ടായി<br><br>**2)കുടുംബശ്രീ സംഘടനാ ശാക്തീകരണ പരിപാടി**<br>ഗ്രാമപ്രദേശങ്ങളിലെ മുഴുവൻ കുടുംബശ്രീ സംവിധാനങ്ങളുടെയും സംഘടനാ ശാക്തീകരണത്തിനായി പ്രത്യേക കർമ്മ പരിപാടിക്ക് കുടുംബശ്രീ മിഷൻ രൂപം നൽകിയിട്ടുണ്ട് ഇതിന്റെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തിലെയും കുടുംബശ്രീ സംവിധാനത്തിന്റെ ശക്തി ദൗർബല്യങ്ങളുടെ സൂക്ഷ്മതല വിലയിരുത്തൽ നടത്തി ഗ്രേഡിംഗിന് വിധേയമാക്കുകയും, പ്രശ്ന പരിഹാരത്തിന് വിശദമായ പ്രവർത്തന രൂപരേഖ ആവിഷ്കരിക്കുകയും ചെയ്തു. ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ ജില്ലകളിൽ നടന്നു വരുന്നു. കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ കെട്ടുറപ്പും , ചലനാത്മകതയും വർദ്ധിപ്പിക്കുന്നതിന് സംഘടനാശാക്തീകരണ പരിപാടി ഉപകരിക്കും. |
| (ബി) | കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണി മെച്ചപ്പെടുത്തുന്നതിന് ആരംഭിച്ച മാസച്ചന്ത വിജയകരമായി നടക്കുന്നുണ്ടോ ; | (ബി) | വിജയകരമായി നടക്കുന്നുണ്ട്. |
| (സി) | കുടുംബശ്രീ സംരംഭങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ബാങ്ക് വായ്പ ലഭിക്കുന്നതിലെ ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | കുടുംബശ്രീ സംരംഭങ്ങൾക്ക് കുറഞ്ഞനിരക്കിൽ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മറ്റിയുമായും നബാർഡുമായും ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |

| | | | |
|---|---|---|---|
| (ഡി) | കുടുംബശ്രീയുടെ പത്താം വാർഷികം പ്രമാണിച്ച് കുടുംബശ്രീ മുഖേന പുതുതായി എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (ഡി) | കുടുംബശ്രീയുടെ 10-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി ചെറുതും വലുതുമായ നിരവധി സമഗ്ര പദ്ധതികൾക്ക് കുടുംബശ്രീ തുടക്കം കുറിച്ചിട്ടുണ്ട്. കൂടാതെ കുടുംബശ്രീ ഉൽപന്നങ്ങളുടെ സമൂഹ്യാധിഷ്ഠിത വിപണന ശൃംഖല രൂപീകരണം ജെന്റർ സ്വയം പഠന പ്രക്രിയ എന്നിവയും പത്താംവാർഷികത്തോടനുബന്ധിച്ച് ആരംഭിച്ചിട്ടുള്ള സുപ്രധാന പ്രവർത്തനങ്ങളാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 73

25.06.08 ൽ മറുപടിയ്ക്ക്

## അന്തർ-സംസ്ഥാന യാത്രാ സൗകര്യം

ചോദ്യം:

ശ്രീ. കെ.വി. അബ്ദുൾ ഖാദർ:

ശ്രീ. എം.എം. മോനായി :

ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. മഞ്ഞളാംകുഴി അലി :

എ) അന്തർ സംസ്ഥാന യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനും സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിനുമായി കെ എസ് ആർ ടി സി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

ഉത്തരം :

ശ്രീ. മാത്യു. ടി. തോമസ്
(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) കേരള-കർണ്ണാടക, കേരള-തമിഴ്നാട് സർക്കാരുകൾ തമ്മിൽ നിലവിലുള്ള അന്തർ സംസ്ഥാന കരാറുകൾ അടിസ്ഥാനപ്പെടുത്തിയാണ് അന്തർ സംസ്ഥാന സർവ്വീസ്സുകൾ നടത്തി വരുന്നത്. നിലവിലുള്ള യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ആവശ്യം മുൻനിറുത്തി കർണ്ണാടക സർക്കാരുമായും തമിഴ്നാട് സർക്കാരുമായും കേരള സർക്കാർ ഉപകരാറിനുവേണ്ടിയുള്ള ചർച്ച പൂർത്തീകരിച്ചിട്ടുണ്ട്. 26.10.2007 ൽ തമിഴ്നാട് സർക്കാരുമായി കേരള സർക്കാർ ഉപകരാർ ഒപ്പിട്ടു. ഇതിൻമേലുള്ള അന്തിമ വിജ്ഞാപനം 20.06.08 ലെ ജി ഒ (പി) 26 /08 /ട്രാൻസ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കർണ്ണാടക സർക്കാരുമായി ഇതുവരെ ഉപകരാർ ഒപ്പുവച്ചിട്ടില്ല. കരാർ നിലവിൽ വരുന്ന മുറയ്ക്ക് അധിക സർവ്വീസുകൾ ഓടിക്കുവാൻ കഴിയും. യാത്ര കൂടുതൽ സുഖകരമാക്കുക എന്ന ലക്ഷ്യത്തോടെ എറണാകുളം, കോട്ടയം, തൃശൂർ, കോഴിക്കോട്, തിരുവനന്തപുരം എന്നീ യൂണിറ്റുകളിൽ നിന്നുമായി ബാംഗ്ളൂരിലേക്ക് അന്തർ ദേശീയ നിലവാരത്തോടുകൂടിയ പുതിയ 17 എ.സി. ബസ്സുകൾ ഓടിച്ചുവരുന്നു. കൂടാതെ അന്തർ സംസ്ഥാന റൂട്ടുകളിൽ നിന്നും കാര്യക്ഷമത കുറഞ്ഞ ബസ്സുകൾ പിൻവലിച്ച് 165 പുതിയ ബസ്സുകൾ ഓടിച്ചു തുടങ്ങി. ടി ബസുകളിൽ ദീർഘദൂര യാത്രയ്ക്ക് ഉതകുംവിധത്തിലുള്ള സീറ്റുകളാണ് ഒരുക്കിയിട്ടുള്ളത്.

| | |
|---|---|
| ബി) അന്തർ സംസ്ഥാന സ്വകാര്യ ബസ് ഓപ്പറേറ്റർമാരുടെ ചൂഷണം തടയുന്നതിനും കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | ബി,സി & ഡി |
| സി) പുതുതായി അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | പുതിയ ഉപകരാറുകൾ നിലവിൽ വരുന്ന മുറയ്ക്കേ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയൂ. |
| ഡി) അയൽ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽലേക്ക് അതതു സംസ്ഥാന കോർപ്പറേഷന്റെ ബസ് സർവ്വീസുകൾ കൂടുതലായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.74** **25.6.2008 -ൽ മറുപടിക്ക്**

## ഹീപ്പിൾ ഉല്പന്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.രാഘവൻ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.കെ.സി.രാജഗോപാലൻ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) കുടുംബശ്രീ 'ഹീപ്പിൾ ' എന്ന ബ്രാൻഡ് നെയിമോടുകൂടി ഏതെല്ലാം ഉല്പന്നങ്ങളാണ് വിപണിയിൽ എത്തിച്ചിട്ടുളളത് ; | (എ) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) എല്ലാ ജില്ലകളിലും 'ഹീപ്പിൾ ' ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) സ്വീകരിച്ചുവരുന്നു |
| (സി) കുടുംബശ്രീ യൂണിറ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും പ്രവർത്തന മൂലധനവും സാങ്കേതിക സഹായങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) സ്വീകരിക്കുന്നതാണ്. |

| | | |
|---|---|---|
| (ഡി) | കൂടുതൽ ഭക്ഷ്യോൽപന്നങ്ങൾ ഉല്പാദിപ്പിച്ചുകൊണ്ട്കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനം വിപുലീകരിക്കുമോ? | (ഡി) പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെടുത്തി ഉൽപാദനത്തിലധിഷ്ഠിതമായ ഒരു നൂതന തൊഴിൽ സംരംഭ വികസന പദ്ധതിക്ക് കുടുംബശ്രീ മിഷൻ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരോ ജില്ലയിലെയും പ്രാദേശിക അനുയോജ്യതക്കും, വിഭവ ലഭ്യതയ്ക്കും അനുസൃതമായ ചെറുതും വലുതുമായ നിരവധി ഭക്ഷ്യോൽപന്ന നിർമ്മാണ യൂണിറ്റുകൾ കുടുംബശ്രീയുടെ 'സമഗ്ര' പദ്ധതിയിൽ രൂപീകരിച്ചിട്ടുണ്ട്. ഇനിയും കൂടുതൽ മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ഏകോപിത പ്രവർത്തനങ്ങൾ ജില്ലകളിൽ നടന്നു വരുന്നു. സുശക്തമായ വിപണന ശൃംഖല ഉറപ്പാക്കി മാത്രമേ ഇത്തരം ഉൽപന്ന നിർമ്മാണം കുടുംബശ്രീ പ്രോത്സാഹിപ്പിക്കുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

പീപ്പിൾ ബ്രാന്റ് ഉൽപന്നങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| 1. | മാങ്ങ അച്ചാർ |
| 2. | ഉ നല്ലിക്ക അച്ചാർ |
| 3. | നാരങ്ങ അച്ചാർ |
| 4. | മീൻ അച്ചാർ |
| 5. | ആട്ട |
| 6. | ചമ്പാ പുട്ടുപൊടി |
| 7. | വെള്ള പുട്ട ുപൊടി |
| 8. | അപ്പം/ഇടിയ പ്പം പൊടി |
| 9. | ഡയ ബറ്റിക് ഫുഡ് |
| 10 | ഫിഷ് മസാല |
| 11 | ചിക്കൻ മസാല |
| 12 | രസം പൊടി |
| 13 | സാമ്പാർ പൊടി |
| 14 | ട്യൂബർ ചിപ്സ് |
| 15 | പപ്പടം |
| 16 | ലീഫ് പ്ലേറ്റ്സ് |

(signature)
സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 75

25.6.2008-ൽ മറുപടിയ്ക്ക്

## ബി.പി.എൽ.ലിസ്റ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്:<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. സംസ്ഥാനത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; | എ. സംസ്ഥാനത്തെ നഗര-ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ കരട് മുൻഗണനാ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| ബി. പ്രസ്തുത ലിസ്റ്റ് കഴിഞ്ഞ തവണ പ്രസിദ്ധപ്പെടുത്തിയപ്പോൾ അർഹരായ ധാരാളം പേർ അതിൽ നിന്നും ഒഴിവാക്കപ്പെടുകയും അനർഹർ കടന്നു കൂടുകയും ചെയ്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി. പരാതി ലഭിച്ചിട്ടുണ്ട്. |
| സി. ഉണ്ടെങ്കിൽ ഇതു പരിഹരിച്ച് തയ്യാറാക്കുന്ന പുതിയ ബി.പി.എൽ ലിസ്റ്റിന്റെ പണി എത്രത്തോളമായി; | സി. പ്രസിദ്ധീകരിച്ച ദരിദ്ര കുടുംബങ്ങളുടെ കരട് മുൻഗണനാ പട്ടികയിൽ അനർഹരായ കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം കുടുംബങ്ങളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ (Exclusion Criteria) നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾ പ്രകാരമുള്ള ഏതെങ്കിലും കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം കുടുംബങ്ങളെ പ്രാദേശിക അന്വേഷണത്തിലൂടെ കണ്ടെത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കരട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങൾക്ക് ലഭിച്ച മാർക്ക് സംബന്ധിച്ച ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനും, കരട് ലിസ്റ്റിൽ നിന്ന് വിട്ടുപോയ അർഹരായ കുടുംബങ്ങൾക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് ലഭിയ്ക്കുന്ന അപേക്ഷകൾ ഉദ്യോഗസ്ഥൻമാർ മുഖാന്തിരം അന്വേഷണം നടത്തി, അന്വേഷണത്തിലൂടെ കണ്ടെത്തുന്ന അനർഹരായ കുടുംബങ്ങളെ ഒഴിവാക്കു |

| | |
|---|---|
| | ന്നതിനും അർഹരായ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനും പ്രത്യേക വാർഡ്സഭകൾ/ഗ്രാമസഭകൾ വിളിച്ചു ചേർക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരായ കുടുംബങ്ങളെ ദാരിദ്ര്യ രേഖാ ലിസ്റ്റിൽ നിന്ന് ഒഴിവാക്കുന്നതിന് തയ്യാറാക്കിയ ലിസ്റ്റും ദാരിദ്ര്യ രേഖാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ലഭിച്ച അപേക്ഷകളിലും ലഭിച്ച മാർക്ക് സംബന്ധിച്ച അപേക്ഷകളിലും അന്വേഷണം നടത്തി കുടുംബത്തിന് ലഭിയ്ക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ കുടുംബത്തെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതാണെങ്കിൽ അപ്രകാരമുള്ള കുടുംബങ്ങളുടെ അപേക്ഷകളും വാർഡ്സഭ/ ഗ്രാമസഭയിൽ സമർപ്പിച്ച് അംഗീകാരം തേടി അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിയ്ക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. |
| ഡി. പ്രസ്തുത ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ? | ഡി. ഗ്രാമ പ്രദേശങ്ങളിലെ ദരിദ്ര കുടുംബങ്ങളുടെ മുൻഗണനാ ലിസ്റ്റ് പഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ച് ജൂൺ 30-ാം തീയതിയ്ക്കകവും നഗരസഭകളിലെ ലിസ്റ്റ് ജൂലൈ 17-ാം തീയതിയ്ക്കകവും പ്രസിദ്ധീകരിക്കാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 76

25.06.08 ൽ മറുപടിയ്ക്ക്

സ്വകാര്യ ബസ്സ് സമരം ഒത്തുതീർപ്പാക്കുന്നതിന് ചർച്ച

| ചോദ്യം: | | ഉത്തരം : |
|---|---|---|
| ശ്രീ. വർക്കല കഹാർ:<br>ശ്രീ. കെ. സുധാകരൻ:<br>ശ്രീ. സി.പി. മുഹമ്മദ്: | | ശ്രീ. മാത്യു. ടി. തോമസ്<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സ്വകാര്യ ബസ്സ് ഉടമകൾ പ്രഖ്യാപിച്ചിട്ടുള്ള സമരം ഒത്തുതീർപ്പാക്കുന്നതിന് സർക്കാർതലത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ ; | എ) | ഉണ്ട് |
| ബി) അവരുടെ ആവശ്യങ്ങൾ എന്തൊക്കെയാണ്; | ബി) | ദേശസാൽകൃത റൂട്ടിൽ 09.05.2006 ൽ നിലവിലുള്ള സ്വകാര്യ ബസ് പെർമിറ്റ് നിലനിർത്തുക, ബസ് ചാർജ് വർദ്ധിപ്പിക്കുക, വിദ്യാർത്ഥികൾക്കുള്ള കൺസഷൻ നിരക്ക് കുറയ്ക്കുക; സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് കൺസഷൻ കൊടുക്കുന്നത് പുനഃപരിശോധിക്കുക, ക്ഷേമനിധി സംബന്ധിച്ച 30.10.04 ലെ തീരുമാനം നടപ്പിലാക്കുക എന്നിവയാണ് പ്രധാന ആവശ്യങ്ങൾ. |
| സി) അതിൽ ഏതൊക്കെ ആവശ്യങ്ങൾ അംഗീകരിച്ചു; | സി) | അനുകൂല തീരുമാനമെടുത്തിട്ടില്ല. |
| ഡി) സംസ്ഥാനത്തെ ബസ്സ് ചാർജ് വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;<br>ഇ) ഇതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ? | } | സ്വകാര്യ ബസുടമകൾക്കു പുറമെ കെ എസ് ആർ ടി സി യും ബസ് ചാർജ് വർദ്ധന ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 77 -25.06.2008 ൽ മറുപടിക്ക്

### ട്രഷറി വകുപ്പിന്റെ സേവനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. കെ.ടി. ജലീൽ<br>ശ്രീ. കെ കുഞ്ഞമ്മത് മാസ്റ്റർ | ധനകാര്യ വകുപ്പു മന്ത്രി |

| | | |
|---|---|---|
| എ) | ട്രഷറി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ? | സംസ്ഥാനത്തെ ട്രഷറികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) എല്ലാ ട്രഷറികളിലും 2008 ജനുവരി 15-ന് പൗരാവകാശരേഖ പ്രഖ്യാപിച്ചിട്ടുണ്ട്. |
| | | 2) കൂടുതൽ മെച്ചപ്പെട്ട സേവനം ട്രഷറികളിൽ നിന്നും ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും ടെല്ലർ സംവിധാനം ഉടനെ ആരംഭിക്കുന്നതാണ്. |
| | | 3) പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ട്രഷറി സോഫ്റ്റ് വെയർ പരിഷ്കരിക്കുകയുണ്ടായി. |
| | | 4) ട്രഷറികളിലെ പ്രവർത്തനങ്ങൾ ജനകീയ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന്റെ ഭാഗമായി ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കേരളത്തിലെ മുഴുവൻ ട്രഷറികളിലും സോഷ്യൽ ഓഡിറ്റിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |

| | | |
|---|---|---|
| | | 5) ട്രഷറി പ്രവർത്തനങ്ങൾ തടസ്സപ്പെടാതെ സ്ഥിരത ഉറപ്പാക്കുന്നതിനു വേണ്ടി 2100 എസ്.എം.എഫ്. ബാറ്ററികൾ ട്രഷറികളിൽ വിതരണം ചെയ്തു കഴിഞ്ഞു. |
| | | 6) ട്രഷറിപ്രവർത്തനങ്ങൾഏകോപിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി CUG (Closed User Group) കമ്മ്യൂണിക്കേഷൻ സംവിധാനം നടപ്പിലാക്കി വരുന്നു. |
| | | 7) പെൻഷൻ ട്രഷറികളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ആലപ്പുഴ പെൻഷൻ പേയ്മെൻറ് ട്രഷറിയിൽ ഇത് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |
| | | 8) സംസ്ഥാനത്തെ 95 ട്രഷറികൾ ഓൺലൈൻ സംവിധാനത്തിലൂടെ ഏജൻസി ബാങ്കുകളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. |
| | | 9) K-SWAN പ്രയോജനപ്പെടുത്തി 150 ഓളം ട്രഷറികൾ വൈഡ് ഏരിയ നെറ്റ് വർക്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| | | 10) കാലഹരണപ്പെട്ട 1500 കമ്പ്യൂട്ടറുകൾ മാറ്റി സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |
| | | 11) എല്ലാ ജില്ലാ ട്രഷറികൾക്കും എൽ.പി.ജി-യിൽ പ്രവർത്തിക്കുന്ന വാഹനം ലഭ്യമാക്കിയിട്ടുണ്ട്. |
| | | 12) ജീവനക്കാരുടെ മീറ്റിംഗുകൾ നിരന്തരമായി കൂടുകയും പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരങ്ങൾ ഉടനടി നടപ്പാക്കാൻ ശ്രമിക്കുകയും ചെയ്തു വരുന്നു. |
| | | 13) ജീവനക്കാരുടെ കാര്യക്ഷമത ഉയർത്തുന്നതിനായി വിപുലമായ ട്രെയിനിംഗ് പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

| | | |
|---|---|---|
| | | 14. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ / മറ്റ് സ്പോൺസർമാർ മുഖേന പെൻഷൻകാർക്ക് പ്രയോജനപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങൾ ഓരോ ട്രഷറികളിലും ഏർപ്പെടുത്താൻ ശ്രമിച്ചു വരുന്നു. |
| ബി | പൗരാവകാശരേഖ നിലവിൽ വന്നതിന് ശേഷം ട്രഷറികളിൽ നിന്നുള്ള സേവനങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവായിട്ടുണ്ടോ? | ഉണ്ട്. |
| സി | ട്രഷറികളിൽ നിന്നും പെൻഷൻ ലഭിക്കുന്നതിന് പെൻഷൻകാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ഉണ്ട്.<br>സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും ടെല്ലർ സംവിധാനം ഉടനെ നടപ്പിലാക്കുന്നതാണ്. പെൻഷൻ വിതരണത്തിലെ കാലതാമസം ഇതുമൂലം മിക്കവാറും ഒഴിവാകുന്നതാണ് . സർവറുകൾ, കമ്പ്യൂട്ടറുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതോടുകൂടി ഇത്തരം കാലതാമസം പൂർണ്ണമായും ഒഴിവാക്കാൻ കഴിയും. |
| ഡി | ട്രഷറിനിക്ഷേപംആകർഷകമാക്കുന്നതിന് നടപടിസ്വീകരിച്ചിട്ടുണ്ടോ:വിശദമാക്കുമോ? | ഉണ്ട്.<br>ട്രഷറി നിക്ഷേപങ്ങൾക്ക് ദേശസാൽകൃത ബാങ്കുകളുമായി കിടപിടിക്കുന്ന പലിശ നിരക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷ ലക്ഷ്യമാക്കി സീനിയർ സിറ്റിസൺസിന് 0.5% പലിശ കൂടുതൽ ലഭ്യമാക്കിയിട്ടുണ്ട്. ട്രഷറി നിക്ഷേപങ്ങളുമായി ബന്ധപ്പെട്ട ഇടപാടുകൾ 30 മിനിറ്റിനകംപൂർത്തിയാക്കുമെന്നപൗരാവകാശരേഖയിലെ വാഗ്ദാനം നടപ്പിലാക്കിയിട്ടുള്ളതും സ്ഥിര നിക്ഷേപങ്ങൾ ആകർഷകമാക്കുന്നതിന് പ്രയോജനപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 76 — 25-06-2008-ൽ മറുപടിക്ക്

## സർക്കാർ പ്രസ്സുകളുടെ നവീകരണം

**ചോദ്യം**

ശ്രീ.എ.പ്രദീപ് കുമാർ
ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീ.മുരളി പെരുനെല്ലി
ശ്രീ.എം.പ്രകാശൻ മാസ്റ്റർ
ശ്രീ.വി.ശശികുമാർ

**ഉത്തരം**

ശ്രീ.മാത്യു ടി.തോമസ്
ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി

എ) സർക്കാർ പ്രസ്സുകൾ നവീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ;

എ) നവീകരണത്തിന്റെ ഭാഗമായി സർക്കാർ പ്രസ്സുകളിൽ ഓഫ്സെറ്റ് അച്ചടി യന്ത്രങ്ങൾ സ്ഥാപിക്കുകയുണ്ടായി. ലെറ്റർ പ്രസ് കംപോസിംഗ് മാറ്റി ഡി.റ്റി.പി. സിസ്റ്റവും ലോട്ടറി അച്ചടിയിൽ ഡിജിറ്റൽ നമ്പറിംഗ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. നിലവിലുള്ള കംപോസിറ്റർമാർക്കും പ്രിന്റർമാർക്കും പരിശീലനം നൽകി ഡി.റ്റി.പി. ഓപ്പറേറ്റർമാരായും ഓഫ്സെറ്റ് ഓപ്പറേറ്റർമാരായും നിയമിക്കുന്നു.

ബി) പുതുതായി യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ എന്തു തുക ചെലവായി;

ബി) 2006-07 വർഷം 51,31,444/- രൂപയും

2007-08 വർഷം 45,16,817/-രൂപയും

ചെലവായി

സി) സർക്കാരിന്റെ അച്ചടി ജോലികൾ പൂർണ്ണമായും സർക്കാർ പ്രസ്സുകളിൽ നിർവ്വഹിക്കുന്നതിന് ഇവയെ സജ്ജമാക്കുമോ;

സി) സർക്കാരിന്റെ അച്ചടി ജോലികൾ പൂർണമായും സർക്കാർ പ്രസ്സുകളിൽ നിർവഹിക്കുന്നതിന് പ്രസ്സുകളെ സജ്ജമാക്കുന്ന പ്രവർത്തനം നടത്തിവരുന്നു.

(vi) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ പ്രസ്സുകളുടെ പ്രവർത്തനത്തിൽ എന്തെങ്കിലും പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

(vi) ഉണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളിൽ പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സുകളിൽ അച്ചടിക്കുമായിരുന്നില്ല. കഴിഞ്ഞ അദ്ധ്യയന വർഷത്തെയും ഈ അദ്ധ്യയനവർഷത്തെയും എട്ടാം സ്റ്റാൻഡേർഡിലെ പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സുകളിൽനിന്നും സമയബന്ധിതമായി അച്ചടിച്ചു നൽകുകയുണ്ടായി. ലോട്ടറി ടിക്കറ്റുകൾ വേരിയബിൾ ഡേറ്റാ നമ്പറിംഗ് നടത്തി. ഗസറ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു. അച്ചടിച്ച ഗസറ്റുകളുടെ പകർപ്പും യഥാസമയം പുറത്തിറക്കുന്നു. സമയബന്ധിതമായി ടെക്സ്റ്റുബുക്കുകളുടെ അച്ചടി പൂർത്തിയാക്കി. ഭൂമിയുടെ ന്യായവില നിശ്ചയിച്ചുകൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം പ്രസിദ്ധീകരിച്ചു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 78 — 25.6.2008ൽ മറുപടിക്ക്

## കയ്യേറ്റഭൂമി വീണ്ടെടുക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ.കെ.കെ.ജയചന്ദ്രൻ,<br>ശ്രീ.എസ്.രാജേന്ദ്രൻ,<br>ശ്രീ.വി..ചെന്താമരാക്ഷൻ,<br>ശ്രീ.സി.എം.ദിനേശ് മണി | ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) കയ്യേറ്റ ഭൂമി വീണ്ടെടുക്കുന്നതിനായി ജില്ലകളിൽ രൂപീകരിച്ചിട്ടുള്ള ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (എ). വിലയിരുത്തിയിട്ടുണ്ട്. ജില്ലകളിൽ രൂപീകൃതമായിട്ടുള്ള ടാസ്ക് ഫോഴ്സുകൾ ജില്ലാ കളക്ടർമാരുടെ മേൽ നോട്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. പ്രസ്തുത ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തന പുരോഗതി ജില്ലാ തലത്തിൽ ജില്ലാ കളക്ടർമാർ നടത്തി വരുന്നുണ്ട്. |
| (ബി) ടാസ്ക് ഫോഴ്സിന്റെ ഘടന എപ്രകാരമാണ് ; | (ബി) എല്ലാ ജില്ലകളിലും ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിൽ രണ്ട് ടാസ്ക് ഫോഴ്സുകളും, താലൂക്കുകളിൽ തഹസീൽദാർ, അഡീഷണൽ തഹസീൽദാർ എന്നിവരുടെ നേതൃത്വത്തിൽ 2 ടാസ്ക് ഫോഴ്സുകളും രൂപീകരിക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. കൂടാതെ ഒഴിപ്പിക്കൽ നടപടികൾക്കെതിരായ പരാതികൾ പരിശോധിച്ച് തീർപ്പാക്കുന്നതിനായി ജില്ലകളിൽ ഭൂപരിഷ്കരണ വിഭാഗം ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിൽ ഒരു ഒരു സെൽ പരിശോധനാ സെൽ കൂടി രൂപീകരിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) ഓരോ ജില്ലയിലും എത്ര ഏക്കർ കയ്യേറ്റ ഭൂമി വീണ്ടെടുത്തിട്ടുണ്ട് ; | (സി). എല്ലാ ജില്ലകളിലുമായി 12678.78 ഏക്കർ ഭൂമി വീണ്ടെടുത്ത് ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തി. ഇതിനുപുറമെ 6000 ഏക്കർ ഭൂമി കൂടി ഒഴിപ്പിച്ച് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. കൂടുതൽ കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | വിസ്തീർണ്ണം (ഏക്കറിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 122.08 |
| 2 | കൊല്ലം | 46.60 |
| 3 | പത്തനംതിട്ട | 7.63 |
| 4. | ആലപ്പുഴ | 9.42 |
| 5. | കോട്ടയം | 30.20 |
| 6 | ഇടുക്കി | 11888.72 |
| 7 | എറണാകുളം | 119.57 |
| 8 | തൃശ്ശൂർ | 52.85 |
| 9 | പാലക്കാട് | 36.62 |
| 10 | മലപ്പുറം | 99.66 |
| 11 | കോഴിക്കോട് | 47.08 |
| 12 | വയനാട് | 99.02 |
| 13 | കണ്ണൂർ | 37.07 |
| 14 | കാസർഗോഡ് | 82.23 |
| | ആകെ | 12678.76 |

| | |
|---|---|
| (ഡി) സംസ്ഥാനത്ത് ഒട്ടാകെ ഇനി എത്ര ഏക്കർ കയ്യേറ്റം ഒഴിപ്പിക്കാനുണ്ടെന്നാണ് ഇതിനകം ടാസ്ക് ഫോഴ്സ് കണ്ടെത്തിയിട്ടുള്ളത് ; | (ഡി) സംസ്ഥാനത്തൊട്ടാകെ കയ്യേറ്റം ഒഴിപ്പിച്ച് ഏറ്റെടുക്കേണ്ട ഭൂമിയുടെ വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു. സമയബന്ധിതമായി ഈ ഭൂമി തിരിച്ചെടുക്കുന്നതാണ്. |
| (ഇ) സർക്കാർ ഭൂമി അന്യാധീനപ്പെട്ടു പോകാതിരിക്കുന്നതിനും കയ്യേറ്റങ്ങൾ അവസാനിപ്പിക്കുന്നതിനും നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (ഇ) നിലവിൽ 1957-ലെ കേരള ഭൂ സംരക്ഷണ നിയമവും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടേയും അടിസ്ഥാനത്തിലാണ് അനധികൃത കൈയ്യേറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതും കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതും. കയ്യേറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനും ജയിൽ ശിക്ഷ ഉൾപ്പെടെ ഉറപ്പുവരുത്തുവാൻ കഴിയും വിധം നിയമത്തിൽ ചില ഭേദഗതികൾ കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കയ്യേറ്റങ്ങൾക്ക് കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥരുടെ പേരിലും കർശന നിയമ നടപടി സ്വീകരിക്കുവാൻ കഴിയും വിധമാണ് ഭേദഗതി കൊണ്ടുവരുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 80* — 25.06.2008- ലെ മറുപടിയ്ക്ക്

## ഹജ്ജ് തീർത്ഥാടകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി

### ചോദ്യം

ശ്രീ.സി.ടി.അഹമ്മദ് അലി
ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി

(എ) ഹജ്ജ് തീർത്ഥാടകരുടെ അപേക്ഷകൾ മുൻകാലങ്ങളെ അപേക്ഷിച്ച് കൂടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് നിന്നുള്ള ഹജ്ജ് ക്വാട്ടാ വർദ്ധിപ്പിച്ചു കിട്ടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും ഇക്കാര്യത്തിൽ ഇനിയും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(സി) ഹജ്ജ് തീർത്ഥാടകർക്ക് മുൻകൊല്ലങ്ങളിലുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ആവർത്തിക്കാതിരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

### ഉത്തരം

ശ്രീ.പാലൊളി മുഹമ്മദ് കുട്ടി
(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി)

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ ഒരു ഡെലിഗേഷൻ കേന്ദ്ര ഹജ്ജ് കാര്യമന്ത്രിക്കും കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർമാനും നിവേദനം സമർപ്പിക്കുകയുണ്ടായി ഇക്കാര്യത്തിൽ ഇനിയും സംസ്ഥാന ഹജ്ജ് കമ്മിറ്റി സമ്മർദ്ദം ചെലുത്തുന്നതാണ്.

(സി) ഹജ്ജ് തീർത്ഥാടകർക്ക് വേണ്ടി മുൻവർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇപ്രാവശ്യം സൗദി എയർലൈൻസ് സർവ്വീസ് ഏർപ്പെടുത്തുമെന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചിട്ടുണ്ട്. സംസം ജലം ഹാജിമാർക്ക് തന്നെ കൊണ്ടു വരാൻ സൗകര്യം ഏർപ്പെടുത്തുന്നതിന് കേന്ദ്ര ഹജ്ജ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 81 | 25.6.2008 ൽ മറുപടിക്ക്

## പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് നികുതി ഇളവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. എ. കെ. ചന്ദ്രൻ | ഡോ.ടി. എം. തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) പെട്രോളിന്റേയും ഡീസലിന്റേയും വർദ്ധിപ്പിച്ച വിലയിന്മേൽ വിൽപ്പന നികുതി ഈടാക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതുമൂലം എത്ര രൂപയുടെ നഷ്ടമാണ് സംസ്ഥാനത്തിന് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്തിന് ഒരു വർഷം നികുതി യിനത്തിൽ ഏകദേശം 322 കോടി രൂപയുടെ നഷ്ടമുണ്ടാകും എന്നാണ് കണക്കാക്കി യിട്ടുള്ളത്. |
| (സി) ഈ നടപടി മൂലം ഓരോ ലിറ്റർ പെട്രോളിനും ഡീസലിനും വിലയിൽ എത്രവീതം കുറവ് വന്നുവെന്ന് വെളിപ്പെടുത്തുമോ? | (സി) ഈ നടപടി മൂലം ഒരു ലിറ്റർ പെട്രോളിന്റെ വിലയിൽ 1 രൂപ 22 പൈസയുടേയും ഒരു ലിറ്റർ ഡീസലിന് 56 പൈസയുടേയും കുറവാണുണ്ടാകുക. |

സെക്ഷൻ ഓഫീസർ.

12-ാം കേരള നിയമസഭ
9-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 82 25.6.2008-ലെ മറുപടിക്ക്

അപകട നഷ്ടപരിഹാര കുടിശ്ശിക

ചോദ്യം

ഉത്തരം

ശ്രീ. ശ്രീ എ.പി. അനിൽ കുമാർ
ശ്രീ. കെ.അച്ചുതൻ

ശ്രീ. മാത്യു ടി. തോമസ്
ഗതാഗതവും പ്രിന്റിംഗും
സ്റ്റേഷനറിയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | അപകട നഷ്ടപരിഹാര യിനത്തിൽ കെ.എസ്.ആർ.ടി.സി എന്തു തുക കൊടുക്കുവാനുണ്ട്. | (എ) | 31.1.2008 വരെ കെ.എസ്.ആർ.ടി.സി 72.93 കോടി രൂപ അപകട നഷ്ടപരിഹാരമായി കൊടുക്കുവാനുണ്ട്. വിവിധ എം.എ.സി.ടി.കളിലായി 19,000 (പത്തൊൻപതിനായിരം)-ൽ അധികം കേസ്സുകൾ വിധി ആകാനുണ്ട്. |
| (ബി) | എന്നു മുതലുള്ള നഷ്ടപരിഹാരമാണ് കൊടുക്കാനുള്ളത്. | (ബി) | 1990 വരെ വിധി ആയിട്ടുള്ള കേസ്സുകളിൽ നഷ്ടപരിഹാര തുക കൊടുത്തു തീർത്തു. 1991-ന് ശേഷമുള്ള കേസ്സുകളിൽ ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലും, എം.എ.സി.ടി. കോടതി ജപ്തി ഉത്തരവ് അനുസരിച്ചും, പലിശരഹിതമായി സെറ്റിൽമെന്റ് വഴിയും, ലോക അദാലത്ത് തീർപ്പാക്കുന്നതുമായ കേസ്സുകളിൽ നഷ്ടപരിഹാര തുക നൽകി വരുന്നു. |
| (സി) | ഒരു വർഷം ശരാശരി എന്തു തുക ഈ ഇനത്തിൽ കോർപ്പറേഷൻ നൽകേണ്ടതായി വരുന്നു. | (സി) | ഒരു വർഷം ഏകദേശം പന്ത്രണ്ടു കോടി രൂപ. |

| | | | |
|---|---|---|---|
| (vii) | കോർപ്പറേഷന്റെ വാഹനങ്ങൾക്ക് ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ ഒരു വർഷം എന്തു തുക ചെലവ് വരുന്നു എന്നറിയിക്കാമോ? | | 29.5.2003-ൽ നാഷണൽ ഇൻഷ്വറൻസ് കമ്പനിയുമായുള്ള കരാർ തീർന്നശേഷം കെ.എസ്.ആർ.ടി.സി ബസ്സുകളെ പുതുതായി ഇൻഷ്വർ ചെയ്ത് തുടങ്ങിയത് 4.12.2007 മുതലാണ്. ഈ തീയതി മുതൽ നാളിതുവരെ 520 ബസ്സുകൾ ന്യൂ ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയിൽ ഇൻഷ്വർ ചെയ്ത വകയിൽ 1,77,61,441/- രൂപ ചെലവ് വന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം: 83

25/06/2008-ൽ മറുപടിക്ക്

## മൂന്നാറിലെ വ്യാജ പട്ടയങ്ങൾ

### ചോദ്യം

ശ്രീ.സി.പി.മുഹമ്മദ്:
ശ്രീ. കെ.ബാബു:
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ:

(എ) മൂന്നാറിൽ എത്ര വ്യാജപട്ടയങ്ങൾ ഉണ്ടെന്നു കണക്കാക്കപ്പെടുന്നു;

(ബി) മൂന്നാറിലെ ഏതെല്ലാം ടൂറിസ്റ്റ് റിസോർട്ടുകൾ വ്യാജപട്ടയം ലഭിച്ച ഭൂമിയിൽ സ്ഥിതിചെയ്യുന്നു;

(സി) മൂന്നാറിലെ കയ്യേറ്റ ഭൂമിയും വ്യാജ രേഖകളുടെ ബലത്തിൽ കൈവശം വച്ചിരിക്കുന്ന ഭൂമിയും തിരികെ പിടിക്കാൻ എന്തെല്ലാം നടപടികളെടുത്തു എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

ശ്രീ.കെ.പി.രാജേന്ദ്രൻ)
(റവന്യൂ വകുപ്പ് മന്ത്രി)

(എ) യും (ബി) യും

മൂന്നാറിലെ പട്ടയങ്ങളുടെ പരിശോധന നടന്നു വരികയാണ്. പൂർത്തിയാകുമ്പോഴേ വ്യാജപട്ടയങ്ങൾ സംബന്ധിച്ച കണക്കും വിവരങ്ങളും ഏതെല്ലാം റിസോർട്ടുകളാണ് വ്യാജപട്ടയഭൂമിയിൽ സ്ഥിതിചെയ്യുന്നത് എന്ന വിവരവും ലഭ്യമാകൂ.

(സി) വ്യാജപട്ടയങ്ങൾ വഴി കൈയേറിയ ഭൂമി കണ്ടെത്തി തിരിച്ചു പിടിക്കുവാനായി പ്രത്യേക ദൗത്യസംഘത്തെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. വ്യാജപട്ടയങ്ങളെക്കുറിച്ച് വിജിലൻസും അന്വേഷിക്കുന്നുണ്ട്. ഇതുവരെയായി 4677.9335 ഹെക്ടർ ഭൂമി ദേവികുളം താലൂക്കിന്റെ പരിധിയിൽ പിടിച്ചെടുത്തിട്ടുണ്ട്. 22 പട്ടയങ്ങൾ വ്യാജമാണെന്ന് കണ്ടെത്തിയതിനാൽ റദ്ദുചെയ്യുകയും 38 കയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സർവ്വേ നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നുണ്ട്. പ്രത്യേക ദൗത്യസംഘത്തിൽപ്പെട്ട ഉദ്യോഗസ്ഥൻമാർ മൂന്നാർ മേഖലയിൽ ദേവികുളം താലൂക്കിലെ വട്ടവട, കാന്തല്ലൂർ, പള്ളിവാസൽ, ആനവിരട്ടി, മാങ്കുളം തുടങ്ങിയ വില്ലേജുകളിലെ സ്ഥലങ്ങൾപരിശോധിക്കുകയും സർവ്വേ ചെയ്ത് അനധികൃത കയ്യേറ്റം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. പള്ളിവാസൽ വില്ലേജിലെ പുലിപ്പാറ പ്രദേശത്ത് കയ്യേറ്റങ്ങൾ കണ്ടെത്തിയത് തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പള്ളിവാസൽ വില്ലേജിലെ 30 റിസോർട്ടുകൾക്കും ആനവിരട്ടി വില്ലേജിലെ 10 റിസോർട്ടുകൾക്കും മാങ്കുളം വില്ലേജിലെ 2 റിസോർട്ടുകൾക്കും കാന്തല്ലൂർ വില്ലേജിലെ 2 റിസോർട്ടുകൾക്കും നോട്ടീസ് നല്കി. തിരിച്ചെടുക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. മറ്റ് കേസുകളിൽ സ്ഥലം സംബന്ധിച്ച രേഖകൾ പരിശോധിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 84 — 25-06-2008 ൽ മറുപടിയ്ക്ക്

## ട്രാഫിക് സുരക്ഷാ അതോറിറ്റി നിർദ്ദേശം

ചോദ്യം:
പ്രൊഫ. എൻ ജയരാജ് :
ശ്രീ.തോമസ് ഉണ്ണിയാടൻ :
ശ്രീ.സി.എഫ്.തോമസ് :

ഉത്തരം
ശ്രീ. മാത്യു.ടി.തോമസ്
ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി

(എ). വാഹനാപകടങ്ങൾ കുറയ്ക്കാൻ ട്രാഫിക്ക് സുരക്ഷാ അതോറിറ്റി എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ;

(എ) ട്രാഫിക് സുരക്ഷാ അതോറിറ്റി എന്ന പേരിൽ ഒരു അതോറിറ്റി ഗതാഗതവകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്നില്ല. കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട്-2007 പ്രകാരം രൂപീകരിച്ച കേരളാ റോഡ് സുരക്ഷാ അതോറിറ്റി 2008 ജനുവരി 1-ന് പ്രവർത്തനം ആരംഭിച്ചു. വാഹന പരിശോധന കർശനമാക്കുവാനും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാനും പോലീസ് വകുപ്പിനും മോട്ടോർ വാഹനവകുപ്പിനും അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡ് സുരക്ഷ സംബന്ധിച്ച് വിവിധ വകുപ്പുകൾ സമർപ്പിച്ച പ്രവർത്തന പരിപാടികളും, കെ.എസ്.ടി.പി ഇക്കാര്യത്തിൽ നടത്തിയ പഠനത്തിലെ ശുപാർശകൾ വിലയിരുത്തുവാനും പ്രാധാന്യമനുസരിച്ച് ഈ വിഷയം നടപ്പിലാക്കുവാൻ കഴിയുന്ന പദ്ധതികൾ അടിയന്തിരമായി ശുപാർശ ചെയ്യുവാനും റോഡ് സുരക്ഷാ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്

(ബി). എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

(ബി). അതോറിറ്റിയും അതിന്റെ കീഴിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും യോഗങ്ങൾ ചേരുകയും, റോഡുസുരക്ഷ സംബന്ധിച്ച വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള വസ്തുതകൾ ചർച്ച ചെയ്യുകയും, വിവിധ വകുപ്പുകളുടെ നിർദ്ദേശങ്ങൾ പരിഗണിക്കുകയും ചെയ്തു വരുന്നു. കൂടാതെ, ജില്ലാതല റോഡുസുരക്ഷ സംബന്ധിച്ച പരിപാടികൾ ഏകോപിപ്പിക്കുന്നതിനായി

ജില്ലാതല റോഡുസുരക്ഷാ കൗൺസിലുകൾ രൂപീകരിക്കുന്നതു സംബന്ധിച്ച ശുപാർശ സർക്കാർ പരിശോധിച്ചുവരികയാണ് പദ്ധതിചിലവുകൾക്കാവശ്യമായ സുരക്ഷാ ഫണ്ടിലേക്കുള്ള ഒറ്റത്തവണ സെസ്സ് 01 .01..2008മുതൽ ഈടാക്കി തുടങ്ങി പദ്ധതികൾ അംഗീകരിക്കുന്ന മുറയ്ക്ക് അവയ്ക്കാവശ്യമായ തുക നൽകുകയും നടപ്പിലാക്കുകയും ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: *85 — 25-6-2008-ൽ മറുപടിക്ക്

### അനധികൃത നിർമ്മാണങ്ങൾ തടയുവാൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ :<br>ശ്രീ. കെ. സുധാകരൻ : | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തുള്ള അനധികൃത നിർമ്മാണങ്ങൾ കണ്ടെത്താൻ ഫലപ്രദമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ; | (എ) 1-9-2006 ലെ സ.ഉ. (ആർ. ടി) നം. 2161/06/തസ്വഭവ പ്രകാരം സംസ്ഥാനത്തെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായും ഉടനടി നടപടികൾ സ്വീകരിക്കുന്നതിനുമായി നഗരസഭാ തലത്തിൽ നഗരസഭാ സെക്രട്ടറി, നഗരസഭയിലെ ടൗൺ പ്ലാനിംഗ് ഓഫീസർ/എഞ്ചിനീയർ /കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, നഗരഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ടൗൺ പ്ലാനർ/ഡെപ്യൂട്ടി ടൗൺ പ്ലാനർ, ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ ചുമതലയുള്ള റീജിയണൽ ജോയിന്റ് ഡയറക്ടർ ഓഫ് മുനിസിപ്പാലിറ്റീസ് തുടങ്ങിയ ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സ്ക്വാഡും, പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്തിലെ എൻജിനീയർ/ ഓവർസീയർ/ കെട്ടിട |

നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, നഗര ഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ടൗൺ പ്ലാനർ/ഡെപ്യൂട്ടി ടൗൺ പ്ലാനർ, ബന്ധപ്പെട്ട ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ അടങ്ങിയ സ്ക്വാഡ് സർക്കാർ രൂപീകരിക്കുകയും ആയത് പ്രവർത്തിച്ചു വരികയുമാണ്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ പൂർണ്ണമായും തടയുന്നതിനും നടപടികൾ കൂടുതൽ കാര്യക്ഷമവും ശക്തവുമാക്കുന്നതിനായി 11/1/07 - ൽ സ.ഉ. (സാധാ) നമ്പർ 134/07/തസ്വഭവ പ്രകാരം സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന നഗരസഭകളിലും ഒന്നാം ഗ്രേഡ് നഗരസഭകളിലും ടൗൺ പ്ലാനിംഗ് ഓഫീസർ, അസിസ്റ്റന്റ് ടൗൺ പ്ലാനിംഗ് ഓഫീസർ, ബിൽഡിംഗ് ഇൻസ്പെക്ടർ എന്നിവരടങ്ങിയ പ്രിവന്റീവ് സ്ക്വാഡും പ്രവർത്തിക്കുന്നു. ടി സ്ക്വാഡിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും ഇടക്കിടെ മിന്നൽ പരിശോധനകൾ നടത്തുന്നതിനുമായി ചീഫ് ടൗൺ പ്ലാനർ, നഗരകാര്യ ഡയറക്ടർ, സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്) എന്നിവർ ഉൾപ്പെട്ട ഒരു സംസ്ഥാന തല സ്ക്വാഡിനെയും രൂപീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | അനധികൃത നിർമ്മാണങ്ങൾ നടക്കുമ്പോൾ തന്നെ അതു കണ്ടെത്തി തടയുവാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട് ; | (ബി) | അനധികൃത നിർമ്മാണങ്ങൾ കൂടുതലും നടക്കുന്നത് അവധി ദിവസങ്ങളിലാണ്. ആയതിനാൽ 1/9/2006 - ലെ സ. ഉ. (സാധാ) നമ്പർ 2161/06/തസ്വഭ പ്രകാരവും 11/1/2007 - ലെ സ.ഉ. (സാധാ) നമ്പർ 134/07/തസ്വഭ പ്രകാരവും രൂപീകരിച്ച ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ, ടൗൺ പ്ലാനിംഗ് ഉദ്യോഗസ്ഥർ, കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥർ, നഗരകാര്യ വകുപ്പിലെയും പഞ്ചായത്ത് വകുപ്പിലെയും ജില്ലാ ഓഫീസർമാർ എന്നിവരടങ്ങിയ സ്ക്വാഡും, സംസ്ഥാനതലത്തിൽ പ്രിവന്റീവ് സ്ക്വാഡും പ്രവർത്തിച്ചുവരുന്നു. ടി സ്ക്വാഡുകളും പ്രിവന്റീവ് സ്ക്വാഡുകളും കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിയമാനുസൃതം കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഈ സംവിധാനം പരാജയപ്പെടുവാനുള്ള കാരണം എന്തെല്ലാമാണ് ; | (സി) | പരാജയപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | നിലവിൽ എത്ര അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തിയിട്ടുണ്ട് ; | (ഡി) | 2008 മെയ് മാസം വരെ സംസ്ഥാനത്തെ നഗരസഭാ പരിധിക്കുള്ളിൽ 3239 അനധികൃത നിർമ്മാണങ്ങളും പഞ്ചായത്ത് പരിധിയിൽ ആകെ 4445 അനധികൃത നിർമ്മാണങ്ങളും കണ്ടെത്തിയിട്ടുണ്ട്. |
| (ഇ) | നിയമ വിരുദ്ധമായി നിർമ്മിച്ച ഇത്തരം നിർമ്മാണങ്ങളെ എന്തു ചെയ്യാനുദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്താമോ ? | (ഇ) | 1994 - ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെയും 1994 - ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെയും 1999- ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമായി കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം. നം. 86 25.06.2008 ൽ മറുപടിക്ക്

### ചെലവ് ചുരുക്കൽ നടപടികൾ

ചോദ്യം

ശ്രീ. കെ. രാജു
ശ്രീ. പള്ളിപ്രം ബാലൻ
ശ്രീ. വി.എസ്. സുനിൽകുമാർ
ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ. പി. തിലോത്തമൻ

ഉത്തരം

ബഹു: ധനകാര്യ വകുപ്പ് മന്ത്രി

| | | |
|---|---|---|
| എ- | പെട്രോളിയം ഉല്പന്നങ്ങളുടെ ഇറക്കുമതി - എക്സൈസ് തീരുവകളിൽ കുറവ് വരുത്തിയതു കൊണ്ടുള്ള വരുമാന നഷ്ടം നികത്തുന്നതിന്റെ ഭാഗമായി പുതിയ വികസന പദ്ധതികൾക്കൊന്നും നടപ്പു സാമ്പത്തിക വർഷം അംഗീകാരം നൽകേണ്ടതില്ലെന്ന് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചതായി വിവരം ലഭിച്ചിട്ടുണ്ടോ; | കേന്ദ്ര സർക്കാരിൽ നിന്നും ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാരിനു ഇതു വരെ ലഭിച്ചിട്ടില്ല. |
| ബി. | കേന്ദ്ര ഗവൺമെന്റിന്റെ കർശനമായ ചെലവ് ചുരുക്കൽ സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | 2008-09 ബഡ്ജറ്റിൽ പ്രഖ്യാപിച്ചവയൊഴികെയുള്ള പദ്ധതികളും പരിപാടികളും ഒന്നും ആരംഭിക്കേണ്ടതില്ല എന്ന നിർദ്ദേശം കേരളത്തിന് ലഭിക്കേണ്ട പ്രത്യേക പാക്കേജുകളെ പ്രതികൂലമായി ബാധിക്കാനിടയുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.87 25-6-2008-ൽ മറുപടിക്ക്

**ജവഹർലാൽ നെഹ്റു നഗര പുനരുദ്ധാരണ മിഷൻ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.യു.സി.രാമൻ<br>ശ്രീ.എം.ഉമ്മർ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) ജവഹർലാൽ നെഹ്റു നഗര പുനരുദ്ധാരണ മിഷനിൽപ്പെടുത്തി നഗര പരിധിയിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഭവന ധനസഹായം അനുവദിക്കുന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ജെ.എൻ.എൻ.യു.ആർ.എം.ന്റെ ഉപ പദ്ധതിയായ ബിഎസ്.യു.പി. പദ്ധതി പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരസഭകളിലും, ഈ നഗരസഭകളുടെ സിറ്റി ഡെവലപ്പ്മെന്റ് പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമ പഞ്ചായത്തുകളിലും നഗര സഭകളിലും ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇത് പ്രകാരം ഒരു വീടിന് ഒരു ലക്ഷത്തി ഇരുപതിനായിരം രൂപയാണ് ധനസഹായം ലഭിക്കുക. തിരുവനന്തപുരം നഗരസഭയിൽ 11478 പുതിയ വീടുകളും കൊച്ചി നഗരസഭയിൽ 9744 പുതിയ വീടുകളുമാണ് ബി.എസ്. യു. പി. പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ളത്.<br>ഐ.എച്ച്.എസ്.ഡി.പി. പ്രകാരം സംസ്ഥാനത്തെ 26 നഗരസഭകളിലും ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഐ.എച്ച്.എസ്.ഡി.പി.യിൽ 80,000 രൂപയാണ് ഭവന നിർമ്മാണ |

ത്തിന് ധനസഹായം നൽകുന്നത് ജനറൽ വിഭാഗത്തിന് 12% ഉം പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിന് 10% ഉം ബി.എസ്.യു.പി./ഐ.എച്ച്.എസ്.ഡി.പി. പദ്ധതികളിൽ ഗുണഭോക്തൃവിഹിതമായി കണ്ടെത്തേണ്ടതുണ്ട്. ഐ.എച്ച്.എസ്.ഡി.പി. പ്രകാരം 26 നഗരസഭകളിലായി ആകെ 8043 പുതിയ വീടുകളാണ് നിർമ്മിക്കപ്പെടുക.

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ബി. എസ്. യു. പി. പദ്ധതി തിരുവനന്തപുരം, കൊച്ചി നഗരസഭകളിലും, കൊച്ചി നഗരസഭയുടെ സിറ്റി ഡെവലപ്പ്മെന്റ് പ്ലാനിൽ ഉൾപ്പെട്ട തൃപ്പൂണിത്തുറ, കളമശ്ശേരി നഗരസഭകളിലുമാണ് നടപ്പിലാക്കുന്നത്. ബി.എസ്.യു.പി. പദ്ധതി ഏറ്റെടുത്തിട്ടുള്ള ഈ നഗരസഭകളൊഴികെ എല്ലാ നഗരസഭകളിലും ഐ.എച്ച്.എസ്.ഡി.പി. പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഇപ്പോൾ 26 നഗരസഭകളുടെ ഐ.എച്ച്.എസ്.ഡി.പി. പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും, പദ്ധതി നടപ്പിലാക്കി വരികയുമാണ്. ബാക്കിയുള്ള നഗരസഭകളുടെ പദ്ധതി രൂപീകരണത്തിന്റെയും അംഗീകാരത്തിന്റെയും നടപടികൾ വിവിധ ഘട്ടങ്ങളി ലാണ്. |
| (സി) | ഈ പദ്ധതിക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് ഓരോ വർഷവും എത്ര കോടി രൂപയാണ് അനുവദിക്കുന്നത്; | (സി) | ബി.എസ്.യു.പി.പദ്ധതി പ്രകാരം 2005-06 വർഷം മുതൽ 2011-12 വർഷം വരെ സംസ്ഥാനത്ത് ആകെ അനുവദിക്കപ്പെട്ടിട്ടുള്ള കേന്ദ്ര വിഹിതം 215 കോടി രൂപയാണ് ഐ.എച്ച്.എസ്.ഡി.പി പദ്ധതിപ്രകാരം ഈ |

| | | | |
|---|---|---|---|
| | | | കാലയളവിൽ സംസ്ഥാനത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള കേന്ദ്ര വിഹിതം 165 കോടി രൂപയാണ്. |
| (ഡി) | കേന്ദ്രസഹായം നഷ്ടപ്പെടാതിരിക്കാനും ലാപ്സാകാതിരിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (ഡി) | ബി.എസ്.യു.പി.പദ്ധതി പ്രകാരം സംസ്ഥാനത്തിന് പദ്ധതി കാലയളവിൽ അനുവദിക്കപ്പെട്ടിട്ടുള്ള 215 കോടി രൂപയിൽ 202.39 കോടി രൂപയ്ക്കുള്ള പദ്ധതികൾക്ക് ഇതിനകം തന്നെ കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ബാക്കി കേന്ദ്ര വിഹിതമായി ലഭിക്കാൻ സാധ്യതയുള്ള 12.61 കോടി രൂപയ്ക്കുള്ള പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഐ.എച്ച്.എസ്.ഡി.പി. പദ്ധതിയുടെ ആകെ കേന്ദ്ര വിഹിതമായ 165.69 കോടി രൂപയിൽ 28 നഗരസഭകളുടെ പദ്ധതികൾക്കായി 103.95 കോടി രൂപ ഇതിനകം തന്നെ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. കേന്ദ്ര വിഹിതത്തിൽ ബാക്കിയുള്ള 61.74 കോടി രൂപ നേടിയെടുക്കുന്നതിനായി അവശേഷിക്കുന്ന 28 നഗരസഭകൾ പദ്ധതികൾ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 88 | 25-06-2008 ൽ മറുപടിയ്ക്ക്

## ആർ.ടി.ഓഫീസുകളിലെ അഴിമതി

ചോദ്യം:
ശ്രീ.പി.വിശ്വൻ :
ശ്രീ.കെ.കെ.ദിവാകരൻ :
ശ്രീ.എം.ഹംസ :
ശ്രീ.വി.ജെ.തങ്കപ്പൻ :
ശ്രീ.സി.എച്ച്.കുഞ്ഞമ്പു :

ഉത്തരം
ശ്രീ. മാത്യു.ടി.തോമസ്
ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി

(എ). റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലെ അഴിമതി വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ). ആർ.ടി.ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച് പരാതികൾ ലഭിക്കാറുണ്ട്. ആർ.ടി.ഓഫീസുകൾ അഴിമതി മുക്തമാക്കുവാൻ സർക്കാരും വകുപ്പും നിരന്തര പരിശ്രമം നടത്തിവരുന്നുണ്ട്.

(ബി). എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി). അഴിമതിയും ഇടനിലക്കാരെയും ഒഴിവാക്കുന്നതിനായി പുതിയ ലൈസൻസ്, പുതുക്കിയ ലൈസൻസ് , ടൂറിസ്റ്റ് ടാക്സി പെർമിറ്റുകൾ, ഓതറൈസേഷൻ എന്നിവ സംബന്ധിച്ചുള്ള എല്ലാ അപേക്ഷകളും തപാൽ മാർഗ്ഗം സ്വീകരിക്കുകയും നടപടി ക്രമങ്ങൾക്ക് ശേഷം ഉടമസ്ഥർക്ക് രജിസ്റ്റേർഡ് പോസ്റ്റായി അവ അയച്ചുകൊടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റു സേവനങ്ങൾ കൂടി ഇതേ രീതിയിൽ നടപ്പിലാക്കുന്നതിനുള്ള ആലോചനയുണ്ട്. ഫീസ്, ടാക്സ് എന്നിവ ഇന്റർനെറ്റ് മുഖേന അടയ്ക്കുന്നതിനും അപേക്ഷകൾ അയക്കുന്നതിനുമുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി). ട്രാൻസ്പോർട്ട് ആഫീസുകൾ കേന്ദ്രീകരിച്ച് ഇടനിലക്കാരായ ഏജന്റുമാർ പ്രവർത്തിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ;

(സി). സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് നേരിട്ട് ആർ.ടി.ഓഫീസുകളിൽ വന്ന് ചുരുങ്ങിയ സമയത്തിനുള്ളിൽ കാര്യങ്ങൾ നടത്തിയെടുക്കുന്നതിന് ഏകജാലക സംവിധാനം പ്രധാന ഓഫീസുകളിൽ നടപ്പാക്കിയിട്ടുണ്ട്. ഇത് എല്ലാ ഓഫീസുകളിലേയ്ക്കും വ്യാപിപ്പിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. ഇടനിലക്കാരെ ഓഫീസുകളിൽ നിന്നും അകറ്റി നിർത്തണമെന്ന് കാണിച്ചു

കൊണ്ടുള്ള വ്യക്തമായ നിർദ്ദേശം എല്ലാ ആർ.ടി.ഓ/ജോയിന്റ് ആർ ടി ഓ-മാർക്കും നൽകിയിട്ടുണ്ട്. ഓഫീസ് പ്രവർത്തനങ്ങളിൽ ഇടനിലക്കാരുടെ ഇടപെടൽ ഒഴിവാക്കിയിട്ടുണ്ട്.

കമ്പ്യൂട്ടർവൽക്കരണം മൂലം ഇടനിലക്കാരില്ലാതെ തന്നെ വകുപ്പിന്റെ വിവിധ ആഫീസുകളിൽനിന്നും സേവനങ്ങൾ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ആഫീസിൽ വരാതെതന്നെ വെബ് സൈറ്റിലൂടെ അപേക്ഷകർക്ക് അപേക്ഷയുടെ പുരോഗതി അറിയുവാൻ കഴിയും.

(ഡി). ആർ.ടി.ഓഫീസുകൾ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; ഇവിടെ കമ്പ്യൂട്ടർവൽക്കരണത്തിനുള്ള നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് അറിയിക്കുമോ ?

(ഡി). 25..02..2003-ലെ സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ.07/03/ട്രാൻ. പ്രകാരം മോട്ടോർ വാഹന വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം നടത്തുവാൻ തീരുമാനിച്ചു. ഇതിൻപ്രകാരം വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം FAST (Fully Automated Services of Transport Department) എന്ന നാമധേയത്തിൽ BOMT (Build, Operate, Maintain and Trasfer) വ്യവസ്ഥയിൽ നടപ്പിലാക്കാനായി ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തെ സേവനദാതാവായി തെരഞ്ഞെടുക്കുകയും അതിൻ പ്രകാരം 12..09..2005-ൽ പ്രസ്തുത കമ്പനിയുമായി കരാർ ഒപ്പിടുകയും ചെയ്തു. കരാറിന്റെ കാലാവധി 3 വർഷമാണ്. വകുപ്പിന്റെ 60 ഓഫീസുകളിലും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിക്കഴിഞ്ഞു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.85 — 25.06.2008-ൽ മറുപടിക്ക്

## ലീസ് റെന്റ് പരിഷ്കരണം

ചോദ്യം

ശ്രീ.എൻ.രാജൻ എം.എൽ.എ
ശ്രീ.കെ.അജിത് എം.എൽ.എ
ശ്രീ.ബാബു പോൾ എം.എൽ.എ
ശ്രീമതി ഇ.എസ്.ബിജിമോൾ എം.എൽ.എ
ശ്രീ.പള്ളിപ്രം ബാലൻ എം.എൽ.എ

ഉത്തരം

ശ്രീ.കെ.പി.രാജേന്ദ്രൻ
(റവന്യൂ വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് ലീസ് റെന്റ് കാലോചിതമായി പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ എടുത്തുവരുന്നുണ്ട്;

എ) സംസ്ഥാനത്ത് ലീസ് റെന്റ് കാലോചിതവും യുക്തിസഹവുമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

ബി) ലീസ് റെന്റ് ഇനത്തിൽ സംസ്ഥാനത്ത് മൊത്തം എത്ര തുക പിരിഞ്ഞു കിട്ടാനുണ്ട്; ഓരോ ജില്ലയിലും എത്ര വീതം;

ബി) ലീസ് റെന്റ് ഇനത്തിൽ സംസ്ഥാനത്ത് 2008 മാർച്ചിലെ കണക്കുകൾ പ്രകാരം, ആകെ പിരിച്ചെടുക്കാനുള്ള തുക 55,30,99,012/- രൂപയാണ്. എന്നാൽ കോടതി സ്റ്റേയിൽ 28,60,59,069/- രൂപയും, സർക്കാർ സ്റ്റേയിൽ 16,81,01,500/- രൂപയും, അപ്പീൽ സ്റ്റേയിൽ 2,48,68,575/- രൂപയും ഉൾപ്പെട്ടു കിടക്കുന്നതിനാൽ പിരിച്ചെടുക്കാവുന്ന തുക 7,40,69,868/- രൂപയുമാണ് പാട്ടം ഇനത്തിൽ പിരിയ്ക്കാവുന്ന തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | പിരിച്ചെടുക്കാവുന്ന സ്റ്റേയിൽ ഉൾപ്പെടാത്ത പാട്ട തുക (രൂപ) |
|---|---|
| തിരുവനന്തപുരം | 6,17,62,593 |
| കൊല്ലം | 9,06,395 |
| പത്തനംതിട്ട | 12,44,645 |
| ആലപ്പുഴ | 6,24,335 |
| കോട്ടയം | 3,32,658 |
| ഇടുക്കി | 64,400 |
| എറണാകുളം | 15,03,220 |
| തൃശൂർ | 14,819 |
| പാലക്കാട് | 3,79,636 |
| മലപ്പുറം | 64,709 |
| കോഴിക്കോട് | 29,14,414 |
| വയനാട് | 27,18,933 |
| കണ്ണൂർ | 1,66,528 |
| കാസർഗോഡ് | 1,52,587 |
| ആകെ | 7,40,69,868 |

(സി) ഓരോ ജില്ലയിലും ലീസ് റെന്റ് കുടിശ്ശികയുള്ളവരുടെ ലിസ്റ്റും കുടിശ്ശിക തുകയും എത്ര വീതമാണെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ലീസ് റെന്റ് കുടിശ്ശിക വരുത്തിയവർ ആയിരത്തിലധികം വരുന്നതിനാൽ ജില്ലകളിൽ നിന്നും കൃത്യമായ വിവരം ശേഖരിച്ചു വരുന്നതേയുള്ളൂ. തിരുവനന്തപുരം ജില്ലയിൽ മാത്രം 500 നോടടുത്ത് പാട്ട കുടിശ്ശിക വരുത്തിയ കേസ്സുകളുണ്ട്.

(ഡി) ഈ കുടിശ്ശിക തുക ഈടാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

(ഡി) ലീസ് റെന്റ് കുടിശ്ശിക വരുത്തിയവർ കൂടുതലും കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിട്ടുള്ളതിനാൽ, കോടതി സ്റ്റേ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കുടിശ്ശിക പിരിച്ചെടുക്കാൻ യാതൊരുവിധ സ്റ്റേയും ഇല്ലാത്ത കേസുകളിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു.

ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ 06.05.2008 ലെ എൽ.ആർ.ജെ8-7022/08 നമ്പർ സർക്കുലർ പ്രകാരം എന്നിട്ടും തുക ഒടുക്കാത്ത സർക്കാർ സ്ഥാപനങ്ങൾ ഒഴികെയുള്ള കേസുകളിൽ 15 ദിവസത്തെ നോട്ടീസ് നൽകി സ്ഥലം തിരിച്ചെടുക്കുന്നതിനും കുടിശ്ശിക പിരിക്കാൻ ആർ.ആർ നടപടി തുടരാനും ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
8-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 90          25.6.2008-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ

**ചോദ്യം** | **ഉത്തരം**

ശ്രീ. കെ.ബി.ഗണേഷ് കുമാർ
ശ്രീ. എം.കെ.ഷാജു

ശ്രീ. മാത്യു .ടി. തോമസ്
ഗതാഗതവും പ്രിന്റിംഗും
സ്റ്റേഷനറിയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ നിന്ന് വിരമിച്ച ജീവനക്കാരുടെ പെൻഷൻ അനിശ്ചിതമായി വൈകുന്നതുമൂലമുള്ള പ്രതിസന്ധിയുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. യിൽ നിന്നും വിരമിച്ച പെൻഷൻ കൊടുക്കേണ്ട ജീവനക്കാർക്ക് ജൂൺമാസം 2008 വരെയുള്ള പെൻഷൻ നൽകിക്കഴിഞ്ഞു. ഇപ്പോൾ പ്രതിമാസം 13 കോടി രൂപ പെൻഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി. ക്ക് വേണ്ടി വരുന്നുണ്ട്. ഓരോ മാസവും ഇത് വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഇതു കൂടാതെ കഴിഞ്ഞ കാലങ്ങളിൽ യഥാസമയം പെൻഷൻ ആനുകൂല്യങ്ങൾ നൽകാതിരുന്നതിനാൽ 4 വർഷത്തോളം വരുന്ന കുടിശ്ശിക ഈ ഇനത്തിലുണ്ട്. പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി പ്രതിമാസം 7 മുതൽ 8 കോടി രൂപ വരെ വേണം. ഇങ്ങനെ പെൻഷനും പെൻഷൻ ആനുകൂല്യങ്ങൾക്കുമായി 21 കോടി രൂപയാണ് ഇപ്പോൾ ആവശ്യം. 1.4.1984-ൽ പെൻഷൻ കൊടുക്കാനായി സർക്കാർ ഉത്തരവിടുമ്പോൾ ഒരു പെൻഷൻ ഫണ്ടോ മറ്റ് ഏതു വിധത്തിൽ പെൻഷൻ കൊടുക്കാം എന്നതിനെപ്പറ്റിയോ നടപടി ഉണ്ടായിരുന്നില്ല. അതിനാൽ പ്രതിമാസ വരുമാനത്തിൽ നിന്നാണ് പെൻഷനും പെൻഷൻ |

| | | | |
|---|---|---|---|
| | | | ആനുകൂല്യങ്ങളും നൽകേണ്ടി വരുന്നത്. 1.4.1984-ന് ശേഷം ഇതുവരെ 1200 കോടി രൂപ ഈ രണ്ടിനങ്ങളിലുമായി കൊടുത്തു കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിൽ ഇത്തരത്തിൽ തനതു ഫണ്ടിൽ നിന്ന് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നത് കെഎസ്.ആർ.ടി.സി. മാത്രമാണ്. ഇത്തരം തുകകൾ കൊടുക്കുന്നതിനു വേണ്ടിയും ബസുകൾ വാങ്ങുന്നതിനു വേണ്ടിയും എടുത്ത കടം തിരിച്ചടയ്ക്കാൻ വീണ്ടും വീണ്ടും കടമെടുക്കേണ്ടി വരുന്നു. ഇത്തരത്തിൽ ബാധ്യതകൾ വർദ്ധിക്കുന്നതു മൂലമാണ് കൃത്യമായി പെൻഷൻ നൽകാൻ ബുദ്ധിമുട്ടുണ്ടാകുന്നത്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പലിശയ്ക്ക് വായ്പയെടുത്താണ് പലപ്പോഴും പെൻഷൻ തുക നൽകുന്നത്. ഓരോ മാസവും പെൻഷൻ നൽകാനായി കടമെടുക്കുന്നതുമൂലം പ്രതിമാസ തിരിച്ചടവും കൂടുകയാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി. പെൻഷൻ സർക്കാർ ഏറ്റെടുക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇല്ല. |
| (സി) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെയും പെൻഷൻകാരുടെയും വിവിധ പ്രശ്നങ്ങൾ പഠിക്കുവാനും പരിഹരിക്കുവാനും ഒരു കമ്മീഷനെ നിയമിക്കുന്നത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെയും പെൻഷൻകാരുടെയും വിവിധ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ